Deivarajyam April 2018
I R.N.7623/63
Registered No. KL/ALY/0020/2017-2019 I R.N. 7623/1963
Date of publication: 1/4/2018
I Posted at Thodupuzha Stg.
Annual Subscription ₹ 100.00


St. George


St. Mark


St. Catherine of Siena

Printed at Sanjo Offset Press, Kothamangalam
Editor, Printer & Publisher Rev. Dr. George Thekkekara
Bishop's House, Kothamangalam - 686 691

ഏപ്രിൽ 2018 വാല്യം 57 ലക്കം 4

# ദൈവരാജ്യം

കോതമംഗലം രൂപത ബുള്ളറ്റിൻ





നാമഹേതുകതിരുനാൾ ആഘോഷിക്കുന്ന
അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവിനും
അഭിവന്ദ്യ മാർ ജോർജ് പുന്നക്കോട്ടിൽ പിതാവിനും
രൂപതാ കുടുംബത്തിന്റെ

**തിരുനാൾ ആശംസകൾ**







അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവിന്റെ നേതൃത്വത്തിൽ
മാർച്ച് മാസം 23–ാം തീയതി 40–ാം വെള്ളിയാഴ്ച മൂവാറ്റുപുഴയിൽ നിന്ന്
മലേക്കുരിശിലേക്ക് കാൽനടയായി നടത്തിയ തീർത്ഥയാത്ര.



## ആശംസകളോടെ...
## നന്ദിയോടെ...



ഇടുക്കി രൂപതാ
മെത്രാഭിഷേകവും യാത്രയയപ്പ് സമ്മേളനവും.
2018 ഏപ്രിൽ 5 വ്യാഴം, 2.00 p.m.
സെന്റ് ജോർജ് കത്തീഡ്രൽ, വാഴത്തോപ്പ്.



നാമഹേതുകതിരുനാൾ ആഘോഷിക്കുന്ന
മോൺ. ജോർജ് ഓലിയപ്പുറം അച്ചന്
രൂപതാ കുടുംബത്തിന്റെ
## തിരുനാൾ ആശംസകൾ

ദൈവരാജ്യം




## ഉള്ളടക്കം


7 ഈസ്റ്റർ സന്ദേശം
10 മെയ്ദിന സന്ദേശം
17 രൂപതക്കച്ചേരി
20 മൈനർ സെമിനാരി
21 വിജ്ഞാനഭവൻ
24 വിദ്യാഭ്യാസം
26 സോഷ്യൽ സർവീസ്
15 ചെറുപുഷ്പ മിഷൻലീഗ്
29 കെ.സി.എസ്.എൽ.
29 ഫാമിലി അപ്പോസ്റ്റലേറ്റ്
31 മാതൃവേദി
32 ഡി.എഫ്.സി.
33 യുവദീപ്തി
34 ജീസസ് യൂത്ത്
34 ഡി.സി.എം.എസ്.
35 എ.കെ.സി.സി.
36 ഇൻഫാം
37 അല്മായഫ്രാൻസിസ്കൻ സഭ
38 പ്രാർത്ഥനാഗ്രൂപ്പ്
39 സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി
40 നെസ്റ്റ് പ്രോഗ്രാം
40 **Festal Greetings**
41 രൂപതാദ്ധ്യക്ഷന്റെ ഡയറി
43 **Bishop's Engagements**
44 നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം
44 നിര്യാതയായി



*Patron*
**Mar George Madathikandathil**
Bishop of Kothamangalam

*Editor, Printer & Publisher*
**Rev. Dr. George Thekkekara**

വാല്യം 57
ഏപ്രിൽ 2018
ലക്കം 4



The Eparchial Curia
Bishop's House, P.B. No.6
Kothamangalam - 686 691
Mob. 8281946306
bishophouseklm@gmail.com




## ഓർമ്മിക്കാൻ

### ഏപ്രിൽ

3-6 – വിശ്വാസോത്സവം
7 – രണ്ടാം സെമസ്റ്റർ പരീക്ഷ - I-IX
7 – യുവദീപ്തി ആനിമേറ്റേഴ്സ് മീറ്റ്
8-10 – ദൈവവിളി ക്യാമ്പ്
10 – സ്കോളർഷിപ്പ് പരീക്ഷ
14-17 – യുവജനധ്യാനം (നിറവ് – 2018)
17 – Presbyteral Council
20 – Pastoral Council
20-21 – കെ.സി.എസ്.എൽ രൂപതാ ക്യാമ്പ്
21 – ചെറുസൂനം ക്വിസ് രൂപതാ തലം
24 – വൈദിക സമ്മേളനം, നാമഹേതുക തിരുനാൾ മംഗളങ്ങൾ
25 – ക്യാറ്റകെറ്റിക്കൽ കമ്മിറ്റി

### തിരുനാളുകൾ

24 : വി. ഗീവർഗീസ്
25 : വി. മർക്കോസ്
29 : സിയന്നായിലെ വി. കത്രീന

# ഈസ്റ്റർ സന്ദേശം

മിശിഹായിൽ സ്നേഹമുള്ളവരെ,

ഈസ്റ്റർ പ്രത്യാശയുടെയും സന്തോഷത്തിന്റെയും സമാധാനത്തിന്റെയും തിരുനാളാണ്. മരണം ജീവിത്തിന്റെ അവസാനമല്ലെന്നും നിത്യജീവിതത്തിലേയ്ക്കുള്ള കവാടമാണെന്നും ഈ തിരുനാൾ നമ്മെ ഓർമ്മപ്പെടുത്തുന്നു. സഭയിലെ തിരുനാളുകളുടെയെല്ലാം അടിസ്ഥാനതിരുനാളായ ഈസ്റ്റർ ആഘോഷിക്കുന്ന ഈ കാലത്തിൽ, ഉത്ഥിതനായ ഈശോയുടെ സമാധാനവും സന്തോഷവും നമ്മുടെ ഹൃദയങ്ങളിലും കുടുംബങ്ങളിലും സഭയിലും ലോകമെമ്പാടും നിറയട്ടെയെന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു.

ദൃശ്യമായത് മാത്രമാണ് യാഥാർത്ഥ്യമെന്നും അദൃശ്യമായവ മിഥ്യയാണെന്നും ചിന്തിക്കുന്ന ആധുനിക കാലഘട്ടത്തിൽ ഉയിർപ്പു തിരുനാളിന് ഏറെ പ്രസക്തിയുണ്ട്. ദൈവം നിത്യനാണെന്നും അപരിമേയനാണെന്നും നാം വിശ്വസിക്കുന്നുണ്ടെങ്കിലും പലപ്പോഴും ഭൗതികനേട്ടങ്ങൾക്കു പിന്നാലെയുള്ള നെട്ടോട്ടത്തിൽ ദൈവത്തിന് പ്രഥമ സ്ഥാനം നല്കുന്നുണ്ടോയെന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. യഹൂദരുടെ ഉപദേശപ്രകാരം പീലാത്തോസ് കുശവന്റെ പറമ്പിലെ ഒരു കല്ലറയിൽ ദൈവപുത്രനെ 'സംസ്കരിച്ചിട്ട്' അതിന് കാവൽ നിറുത്തിയതുപോലെ ദൈവത്തെ ജീവിതത്തിന്റെ ഏതെങ്കിലും ഒരു കോണിലേയ്ക്ക് നാം മാറ്റിനിർത്താറുണ്ടോ? ഈശോ ജീവിതത്തിന്റെ കേന്ദ്രബിന്ദു ആകുമ്പോൾ മാത്രമേ മനുഷ്യൻ അന്വേഷിക്കുന്ന യഥാർത്ഥ സന്തോഷവും സമാധാനവും അവന് കരഗതമാവുകയുള്ളൂ. മരണത്തിനോ കല്ലറയ്ക്കോ കാവൽക്കാരുടെ ജാഗ്രതയ്ക്കോ ഈശോയുടെ ഉത്ഥാനം നല്കുന്ന പ്രത്യാശയിൽനിന്ന് മനുഷ്യനെ പിന്തിരിപ്പിക്കാൻ സാധിക്കുകയില്ലായെന്ന് ഉയിർപ്പുതിരുനാൾ നമ്മെ ഓർമ്മിപ്പിക്കുന്നു.

കല്ലറയിങ്കലെത്തിയ ഭക്തസ്ത്രീകൾക്കു സ്വർഗ്ഗീയദൂതൻ നല്കിയ സന്ദേശം ഉത്ഥിതന്റെ സ്വഭാവം വെളിപ്പെടുത്തുന്നു. ''അവൻ ഇവിടെയില്ലാ... അവൻ ഉയിർപ്പിക്കപ്പെട്ടു'' (ലൂക്കാ 24:5).





അവൻ ഉയിർപ്പിക്കപ്പെട്ടത് സൃഷ്ടപ്രപഞ്ചത്തിലേയ്ക്കായിരുന്നു... ഭയചകിതരായ ശിഷ്യരുടെ ജീവിതത്തിലേയ്ക്ക്... പ്രത്യാശ നഷ്ടപ്പെട്ട അനുയായികളുടെ മനസ്സിലേയ്ക്ക്... അവന്റെ മരണത്തിൽ എല്ലാം അവസാനിച്ചു എന്നു കരുതി പ്രതീക്ഷ കൈവെടിഞ്ഞ പാവപ്പെട്ടവരുടെ ഹൃദയങ്ങളിലേയ്ക്ക്... അവൻ ഉയിത്തെഴുന്നേറ്റു. ഇങ്ങനെ മനുഷ്യജീവിതത്തിന്റെ എല്ലാ മേഖലകളിലേയ്ക്കുമാണ് അവർ ഉത്ഥിതനായത്. തിന്മയുടെയും മരണത്തിന്റെയും മേൽ വിജയം വരിച്ച ഉത്ഥിതനായ ഈശോ നമുക്ക് നിത്യജീവനിലുള്ള പ്രത്യാശ പ്രദാനം ചെയ്യുന്നു.

പിശാചിന്റെയും പാപത്തിന്റെയും മരണത്തിന്റെയും മേൽ ഈശോ നേടിയ വിജയത്തിന്റെ സന്തോഷം പ്രഘോഷിക്കുന്ന തിരുനാളാണ് ഈസ്റ്റർ. സമ്പത്തും സുഖസൗകര്യങ്ങളും ആർഭാടങ്ങളും ആഘോഷങ്ങളും സന്തോഷം നല്കുമെന്ന് കരുതി അതിന്റെ പിന്നാലെ പരക്കം പായുന്ന അനേകരെ ഇക്കാലഘട്ടത്തിൽ നമുക്ക് കാണുവാൻ സാധിക്കും. എന്നാൽ എല്ലാം മറ്റുള്ളവർക്കായി നല്കുന്നതിലാണ് യഥാർത്ഥ സന്തോഷമെന്ന് ഈശോ തന്റെ ജീവിതത്തിലൂടെ നമ്മെ പഠിപ്പിച്ചു. ഈ ലോകം വിട്ട് പിതാവിന്റെ പക്കലേയ്ക്കു പോകുവാൻ സമയമായി എന്നു മനസ്സിലാക്കി മനുഷ്യകുലത്തോടൊപ്പമായിരിക്കുവാൻ വേണ്ടി ഈശോ തന്റെ ശരീരവും രക്തവും അപ്പത്തിന്റെയും വീഞ്ഞിന്റെയും രൂപത്തിൽ വി. കുർബാനയിലൂടെ മനുഷ്യർക്കു നല്കി. ഐക്യത്തിന്റെ കൂദാശയായ വി. കുർബാന ദൈവവും മനുഷ്യനും തമ്മിൽ ഒരുമിച്ചു ജീവിക്കുന്ന സന്തോഷത്തിന്റെ അനുഭവത്തിലേയ്ക്ക് നമ്മെ നയിക്കുന്നു. ഉത്ഥിതന്റെ സജീവ സാന്നിദ്ധ്യം നാം അനുഭവിക്കുന്നത് വി. കുർബാനയിലൂടെയാണ്. ഈ സാന്നിദ്ധ്യം നല്കുന്ന സന്തോഷത്തിൽ എന്നും ജീവിക്കണമെന്ന് ഈസ്റ്റർ നമ്മെ ഓർമ്മിപ്പിക്കുന്നു.

ഉത്ഥിതനായ ഈശോ ലോകത്തിനു നല്കുന്ന ഏറ്റവും വലിയ സമ്മാനം സമാധാനമാണ്. ദൈവഹിതം കുരിശിൽ പൂർത്തിയാക്കിയ ഈശോയാണ് യഥാർത്ഥ സമാധാനം ലോകത്തിനു പ്രദാനം ചെയ്തത്. ഉത്ഥിതൻ ശിഷ്യർക്ക് പ്രത്യക്ഷപ്പെട്ട വേളകളിലെല്ലാം ആശം

സിച്ചിരുന്നത് 'നിങ്ങൾക്ക് സമാധാനം' എന്നാണ് (യോഹ. 20:19; 20:21;20:26). ഈശോ നല്കുന്ന ഈ സമാധാനം ലോകം നല്കുന്ന സമാധാനത്തിൽ നിന്നു വ്യത്യസ്തമാണ്. ''ഞാൻ നിങ്ങൾക്കു സമാധാനം തന്നിട്ടു പോകുന്നു. എന്റെ സമാധാനം ഞാൻ നിങ്ങൾക്കു നല്കുന്നു. ലോകം നല്കുന്നതുപോലെയല്ല ഞാൻ നല്കുന്നത്''(യോഹ. 14:27). കലഹങ്ങളില്ലാത്ത, യുദ്ധങ്ങളില്ലാത്ത, ഭിന്നതകളില്ലാത്ത അവസ്ഥയല്ല ഈ സമാധാനം. അതിനെല്ലാം ഉപരിയായി ഈശോ തന്നെയാണ് ഈ സമാധാനം (എഫേ. 2:14). പീഡനങ്ങൾക്കും സഹനങ്ങൾക്കും മദ്ധ്യേയാണ് ഈശോയാകുന്ന സമാധാനം നാം കണ്ടെത്തേണ്ടത്. ഈ സമാധാനത്തെക്കുറിച്ച് ധ്യാനിക്കാനും ഈ സമാധാനം സ്വന്തമാക്കാനും ഈസ്റ്റർ നമ്മെ ക്ഷണിക്കുന്നു.

മനുഷ്യ ദൃഷ്ടിയിൽ പരാജയമെന്നും നിരാശാജനകമെന്നും അസമാധാനം വിതയ്ക്കുന്നതെന്നും തോന്നിച്ച ഈശോയുടെ മരണം ഉത്ഥിതന്റെ പ്രത്യാശയിലേയ്ക്കും സന്തോഷത്തിലേയ്ക്കും സമാധാനത്തിലേയ്ക്കുമാണ് നമ്മെ നയിച്ചത്. ഇക്കാലഘട്ടത്തിൽ നാം അനുഭവിക്കുന്ന പരാജയങ്ങൾക്കും നഷ്ടങ്ങൾക്കും മാനസിക സംഘർഷങ്ങൾക്കും മദ്ധ്യേ പ്രത്യാശയോടെ ഉത്ഥിതനിലേയ്ക്ക് ഹൃദയങ്ങളുയർത്തിയാൽ യഥാർത്ഥ സന്തോഷവും സമാധാനവും നമുക്ക് കണ്ടെത്താൻ സാധിക്കും.

ഈശോമിശിഹായിൽ സ്നേഹപൂർവ്വം,

**+മാർ ജോർജ് മഠത്തിക്കണ്ടത്തിൽ**
കോതമംഗലം രൂപതാദ്ധ്യക്ഷൻ





Ref: 3080/K-5/KCBC/OL/DS 26.3.2018

**കേരള കത്തോലിക്കാ മെത്രാൻസമിതിയുടെ തൊഴിൽകാര്യ കമ്മീഷൻ പുറപ്പെടുവിക്കുന്ന**

# മെയ്ദിന സന്ദേശം 2018

*തൊഴിലും തൊഴിലാളിയും തൊഴിലാളി സംഘടനകളും: സമഗ്രവും മാനുഷികവും*

*സഹോദരപരവും എന്നേക്കും നിലനില്ക്കുന്നതുമായ വികസനത്തിന്*

കർത്താവിൽ പ്രിയ സഹോദരീസഹോദരന്മാരേ,

തൊഴിലാളി മധ്യസ്ഥനായ വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാൾ മംഗളങ്ങളും അന്താരാഷ്ട്ര തൊഴിലാളി ദിനമായ മെയ്ദിനത്തിന്റെ ആശംസകളും ഹൃദയപൂർവം നേരുന്നു.

നെറ്റിയിലെ വിയർപ്പുകൊണ്ട് നിത്യവൃത്തിക്കുള്ള വക കണ്ടെത്തുകയും, കുടുംബത്തിനും സമൂഹത്തിനും വേണ്ടിയുള്ളതുകൂടി ആർജിക്കുന്നതിനായി ക്ലേശങ്ങൾ സഹിച്ചു പ്രകൃതിവിഭവങ്ങളെ അധ്വാനമാകുന്ന കർമശേഷിയാൽ വിശിഷ്ടമാക്കുകയും ചെയ്യുന്ന തൊഴിലാളി സമൂഹത്തെ വളരെ ആദരത്തോടെയും ബഹുമാനത്തോടെയുമാണു തിരുസ്സഭ നോക്കിക്കാണുന്നത്. മരപ്പണിക്കാരനെന്നും (മർക്കോ 6:3), മരപ്പണിക്കാരന്റെ മകനെന്നു (മത്താ 13:55) മായിരുന്നു നമ്മുടെ നാഥനും രക്ഷകനുമായ യേശു സ്വന്തം നാട്ടിൽ അറിയപ്പെട്ടിരുന്നത്. 'റേരും നൊവാരും' മുതലുള്ള തിരുസ്സഭയുടെ എല്ലാ സാമൂഹിക പ്രബോധനങ്ങളിലും തൊഴിലിനെയും തൊഴിലാളികളെയും കുറിച്ചു വിശദമായി പഠിപ്പിച്ചു വരുന്നുണ്ട്. 'ക്രൈസ്തവ പാരമ്പര്യമനുസരിച്ചു തൊഴിൽ ഒരു കേവല പ്രവൃത്തി മാത്രമല്ല, തൊഴിൽ വഴി ദൈവത്തിന്റെ സൃഷ്ടികർമത്തിൽ തൊഴിലാളികൾ പങ്കുചേരുന്നു. മാത്രമല്ല, കുടുംബത്തിന്റെയും അയല്ക്കാരുടെയും ആവശ്യങ്ങൾക്കനുസരിച്ചു തൊഴിലാളികൾ പ്രതികരിക്കുമ്പോൾ യേശുവിന്റെ രക്ഷാകരകർമത്തിലും അവർ പങ്കുചേരുന്നു. ജീവിതത്തിന്റെ വലിയൊരു ഭാഗം മരപ്പണിക്കാരനായി നസ്ര

ത്തിൽ ചെലവഴിച്ച യേശു തന്റെ കാല്പാടുകൾ തൊഴിലിലൂടെ പിന്തുടരാൻ എല്ലാവരെയും ക്ഷണിക്കുന്നു (ഫ്രാൻസിസ് പാപ്പാ, നവംബർ 23, 2017).

നമ്മുടെ രാജ്യത്തെ തൊഴിൽ സാഹചര്യങ്ങൾ വിലയിരുത്താൻ ശ്രമിക്കുകയാണ്. ഇന്ത്യയിലെ തൊഴിൽ ശക്തിയിൽ 93 ശതമാനംപേരും അസംഘടിത തൊഴിലാളികൾ ആണെന്നാണു സർക്കാരിന്റെ സ്ഥിതിവിവരക്കണക്കുകൾ പറയുന്നത്. സാമൂഹിക സുരക്ഷ, നിയമപരിരക്ഷ, തൊഴിലുറപ്പ് എന്നിവയുടെ സംരക്ഷണം ലഭിക്കാത്തവരാണ് അസംഘടിത തൊഴിലാളികൾ. രാജ്യത്തെ മൊത്തം ആഭ്യന്തര ഉല്പാദനത്തിന്റെ (ജി.ഡി.പി) 60 ശതമാനത്തോളം അസംഘടിത മേഖലയുടെ സംഭാവനയാണ്. ഇന്ത്യയുടെ ജി.ഡി.പി. ഗണനീയമായ വളർച്ച കൈവരിക്കുന്നു എന്നു പറയുമ്പോഴും അസംഘടിത തൊഴിലാളികളുടെ ജീവിതാവസ്ഥ അനുദിനം മോശമായിക്കൊണ്ടിരിക്കുകയാണ്. നോട്ടുനിരോധനം, വേണ്ടത്ര മുൻ ഒരുക്കമില്ലാതെ ജി.എസ്.ടി നടപ്പാക്കൽ, കാർഷിക - മത്സ്യവ്യവസായരംഗത്തുള്ള തകർച്ച, ഇന്ധന വിലയിൽ സർക്കാർ സ്പോൺസർ ചെയ്യുന്ന വൻ വിലക്കയറ്റം തുടങ്ങിയ നിരവധി കാര്യങ്ങൾ സാധാരണ ജനങ്ങളുടെ ദൈനംദിന ജീവിതം ദുരിത പൂർണമാക്കിയിരിക്കുകയാണ്.

രാജ്യത്ത് സ്വത്തിന്റെ കേന്ദ്രീകരണം ദ്രുതഗതിയിൽ നടന്നുകൊണ്ടിരിക്കുന്നു. ഇക്കാര്യത്തിൽ അന്തർദേശീയവും ദേശീയവുമായ പല സംഘടനകളും നടത്തിയിട്ടുള്ള പഠനങ്ങൾ നടുക്കം ഉളവാക്കുന്ന സ്ഥിതിവിവരക്കണക്കുകളാണു പുറത്തു വിട്ടിട്ടുള്ളത്. കഴിഞ്ഞ സാമ്പത്തിക (2016-2017) വർഷത്തിൽ ഇന്ത്യ കൈവരിച്ച വളർച്ചയുടെ 73 ശതമാനവും കേവലം ഒരു ശതമാനം വരുന്ന ഉന്നതസമ്പന്നരാണു കൈയടക്കിയിട്ടുള്ളതെന്നാണു ലോകസാമ്പത്തിക ഫോറത്തിന്റെ സമ്മേളനത്തിൽ 'ഓക്സ്ഫാം' പുറത്തിറക്കിയ 'തൊഴിലിനു പ്രതിഫലം നല്കുക, സ്വത്തിനല്ല' എന്ന പേരിലുള്ള റിപ്പോർട്ടിൽ വെളിപ്പെടുത്തുന്നത്. എന്നാൽ, രാജ്യത്തെ പകുതിയിൽ അധികം വരുന്ന 65 കോടി ജനങ്ങൾക്ക് ലഭിച്ചത് കഴിഞ്ഞ





വർഷത്തെ മൊത്തം വരുമാനത്തിന്റെ വെറും ഒരു ശതമാനം മാത്രമാണ്. ഇന്ത്യയിലെ സാമ്പത്തിക പുരോഗതിയുടെ നേട്ടങ്ങൾ ചുരുക്കം ചിലരുടെ കൈയിൽ കേന്ദ്രീകരിക്കുക എന്നത് അപായ സൂചനയാണ് നല്കുന്നത്. ശതകോടീശ്വരന്മാരുടെ എണ്ണത്തിലുള്ള വളർച്ച സമ്പദ്‌വ്യവസ്ഥയുടെ വളർച്ചയുടെ അടയാളമല്ല. കാർഷികവൃത്തിവഴി രാജ്യത്തെ തീറ്റിപ്പോറ്റാനായി കഠിനാധ്വാനം ചെയ്യുന്ന കർഷകരും പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കാൻ കഷ്ടപ്പെടുന്ന വ്യവസായത്തൊഴിലാളികളും അവരുടെ മക്കളുടെ വിദ്യാഭ്യാസത്തിനും കുടുംബാംഗങ്ങൾക്ക് മരുന്നു വാങ്ങിക്കാനും രണ്ടു നേരത്തെയെങ്കിലും ഭക്ഷണം ഉറപ്പാക്കാനും വേണ്ടി നെട്ടോട്ടം ഓടുകയാണ്. വർധിച്ചുവരുന്ന വിടവ് ജനാധിപത്യത്തിന്റെ അടിത്തറ തോണ്ടുകയും അഴിമതിയെയും സ്വജനപക്ഷപാതത്തെയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു." (ഓക്സ്ഫാം ഇന്ത്യ റിപ്പോർട്ട്)

2008-ൽ പാർലമെന്റ് പാസ്സാക്കിയ അസംഘടിത തൊഴിലാളി സാമൂഹിക സുരക്ഷാനിയമം ഇന്നും ഏട്ടിലെ പശുവാണ്. അസംഘടിത തൊഴിലാളികളുടെ സാമൂഹിക സുരക്ഷാരംഗത്തു ചെറിയ സമാശ്വാസമെങ്കിലും നല്കിയിരുന്ന ആം ആദ്മി ബീമാ യോജന, സ്വാലംബൻ, രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന, ഗ്രാമീണ തൊഴിലുറപ്പു പദ്ധതി തുടങ്ങിയ പദ്ധതികൾ ഇല്ലാതാക്കപ്പെടുകയോ വെട്ടിക്കുറയ്ക്കപ്പെടുകയോ വിഹിതം വകമാറ്റി ചെലവഴിക്കപ്പെടുകയോ ആണ്. വേണ്ടത്ര വകയിരുത്തൽ ഇല്ലാത്തതു മൂലം അവ മിക്കവാറും പ്രഖ്യാപനങ്ങൾ മാത്രമാകുവാനാണ് സാധ്യത.

ദേശീയതലത്തിലും വിവിധ സംസ്ഥാന തലങ്ങളിലും നിലവിലുള്ള നൂറിൽപരം തൊഴിൽ നിയമങ്ങൾ പരിഷ്കരിക്കുകയും സംയോജിപ്പിക്കുകയും ചെയ്ത് നാലു നിയമങ്ങളായി ചുരുക്കാൻ കേന്ദ്രസർക്കാർ ശ്രമങ്ങൾ ആരംഭിച്ചുകഴിഞ്ഞു. തൊഴിലാളികൾ ഇന്നനുഭവിച്ചുകൊണ്ടിരിക്കുന്ന പല അവകാശങ്ങളും സാമൂഹിക സുരക്ഷാസംവിധാനങ്ങളും ഇല്ലാതാക്കുകയോ ചുരുക്കുകയോ ചെയ്യുന്ന രീതിയിലാണു പുതിയ നിയമങ്ങൾ തയ്യാറാക്കപ്പെട്ടിരിക്കുന്നത് എന്ന പരാതി വ്യാപകമായി ഉയർന്നു വന്നിട്ടുണ്ട്. മൂലധന ഉടമയ്ക്കു സഹായകരമാകുന്നതാണു പുതിയ നിയമങ്ങളുടെ

മൗലിക സമീപനം എന്നതാണു ട്രേഡ് യൂണിയനുകളും തൊഴിൽ മേഖലയിലെ വിദഗ്ധരും ഉന്നയിക്കുന്ന ആക്ഷേപം. ഇന്ത്യൻ ലേബർ കോൺഗ്രസ്സ് പോലെയുള്ള ത്രികക്ഷി സംവിധാനങ്ങൾ വഴിയും ഉഭയകക്ഷി ചർച്ചകൾ വഴിയും തൊഴിലാളികളെ വിശ്വാസത്തിലെടുത്തതിനു ശേഷം മാത്രമേ നിയമങ്ങൾക്ക് അന്തിമ രൂപം നല്കാൻ പാടുള്ളൂ.

അസംഘടിത തൊഴിലാളികളോട് സംസ്ഥാന സർക്കാരും ചിറ്റമ്മ നയമാണു തുടരുന്നതെന്ന ആക്ഷേപത്തിലും കഴമ്പുണ്ട്. വാർധക്യകാല പെൻഷന്റെ പ്രതിവർഷവർധനവിനുള്ള വാഗ്ദാനത്തിൽനിന്നും സാമ്പത്തിക പരാധീനതയുടെ പേരു പറഞ്ഞു സർക്കാർ പിന്നാക്കം പോയിരിക്കുന്നു. എന്നാൽ മന്ത്രിമാരുടെയും എം.എൽ.എ മാരുടെയും ശമ്പളം ഉൾപ്പടെയുള്ള ആനുകൂല്യങ്ങൾ വലിയ തോതിൽ വർധിപ്പിക്കുന്ന കാര്യത്തിൽ ഒരു തടസ്സവും കാണാനില്ല. അസംഘടിത തൊഴിലാളികൾക്കു വേണ്ടിയുള്ള ഇരുപത്തഞ്ചിൽപരം ക്ഷേമനിധികൾ കേരളത്തിന്റെ സ്വകാര്യ അഭിമാനമായിരുന്നു. എന്നാൽ ഇന്നതെല്ലാം കീഴ്മേൽ മറിഞ്ഞിരിക്കുന്നു. ക്ഷേമനിധികളുടെ അംശാദായം, ഇൻഷ്വറൻസ് പ്രീമിയം എന്നിവ യാതൊരു നീതീകരണവുമില്ലാതെ വർധിപ്പിച്ചും ആനുകൂല്യങ്ങൾ വെട്ടിക്കുറച്ചും ക്ഷേമനിധികൾ മരവിപ്പിച്ചും ക്ഷേമനിധി ഫണ്ടുകൾ മറ്റു പ്രവർത്തനങ്ങൾക്കായി വകമാറ്റിയും അസംഘടിത തൊഴിലാളികളെ കൂടുതൽ പ്രതിസന്ധിയിലേക്കു തള്ളിവിട്ടിരിക്കുകയാണ്. ആയതിനാൽ സർക്കാരുകൾ, അസംഘടിത മേഖലയിലെ തൊഴിലാളികളോടു കൂടുതൽ മനുഷ്യത്വപരമായ സമീപനം സ്വീകരിക്കേണ്ടതുണ്ട്. തെരഞ്ഞെടുപ്പു വാഗ്ദാനങ്ങൾ പാലിക്കാനുള്ള കടമ സംസ്ഥാനസർക്കാരിനുണ്ട് എന്നു ഓർമിപ്പിക്കുന്നു.

സാധാരണയായി പ്രകൃതിദുരന്തങ്ങളുടെ ബലിയാടുകളായി തീരുന്നത് അസംഘടിത തൊഴിലാളികളാണ്. കഴിഞ്ഞ നവംബർ മാസത്തിൽ ആഞ്ഞുവീശിയ ഓഖി ചുഴലിക്കാറ്റ് വലിയ നാശനഷ്ടങ്ങളാണ് തീരപ്രദേശത്ത് ഉണ്ടാക്കിയത്. ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്മാർ ആവശ്യമായ മുന്നറിയിപ്പ് നല്കാഞ്ഞതു മൂലമായിരുന്നു ആൾനഷ്ടത്തിന്റെ എണ്ണം ഇത്രകണ്ടു വർധിച്ചത്. ഓഖിദുരന്ത





ത്തിൽ, മരണമടഞ്ഞ വർക്കുള്ള നഷ്ടപരിഹാര വിതരണം, അപകടം സംഭവിച്ചവർക്കുള്ള സഹായധനവിതരണം, നഷ്ടപ്പെട്ട തൊഴിലുപകരണങ്ങളുടെ വിതരണം, പുനരധിവാസ പ്രവർത്തനങ്ങൾ എന്നിവ ഫണ്ടനുവദിച്ച് സമയബന്ധിതമായി സർക്കാർ പൂർത്തിയാക്കേണ്ടതാണ്.

ട്രേഡ് യൂണിയനുകൾക്കും തൊഴിലാളികളുടെ ഇടയിൽ പ്രവർത്തിക്കുന്ന സന്നദ്ധസംഘടനകൾക്കും ഭാരിച്ച ഉത്തരവാദിത്വം അസംഘടിത തൊഴിലാളി സംഘടനാരംഗത്തു നിർവഹിക്കാനുണ്ട്. എന്നാൽ അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും ശക്തീകരണത്തിനും കേന്ദ്ര ട്രേഡ് യൂണിയനുകൾ വേണ്ടത്ര ശ്രദ്ധ നല്കുന്നില്ലായെന്ന പരാതി വസ്തുനിഷ്ഠമാണെന്നു പറയേണ്ടിയിരിക്കുന്നു. ഇന്ത്യയിലെ തൊഴിലാളികളിൽ പന്ത്രണ്ട് ശതമാനം മാത്രമേ സംഘടിപ്പിക്കപ്പെട്ടിട്ടുള്ളൂ. സംഘടിത മേഖലയിൽ പ്രവർത്തിക്കാൻ മാത്രമാണ് ട്രേഡ് യൂണിയൻ നേതൃത്വത്തിനു പൊതുവേ താത്പര്യം. മാത്രമല്ല, മിക്കവാറും എല്ലാ കേന്ദ്ര ട്രേഡ് യൂണിയനുകളും രാഷ്ട്രീയ കക്ഷികളുടെ ഭാഗമായതുമൂലം പലപ്പോഴും തൊഴിലാളി താത്പര്യത്തെക്കാൾ കക്ഷിരാഷ്ട്രീയ താത്പര്യത്തിനു മുൻതൂക്കം ലഭിക്കുന്നു. ഇതുമൂലം തൊഴിലാളികൾ ശിഥിലമാകുകയും അവഗണന ഏറ്റുവാങ്ങേണ്ടിവരുകയും ചെയ്യുന്നു. മഹാരാഷ്ട്രയിൽ നടന്ന കർഷക മുന്നേറ്റം കാർമേഘാവൃതമായ സമകാലീന സാഹചര്യത്തിലെ രജതരേഖയാണ്. ഇത്തരം മുന്നേറ്റങ്ങൾ ഇന്ത്യയിൽ എല്ലായിടത്തും ഉണ്ടാകേണ്ടിയിരിക്കുന്നു. 2017 നവംബർ 23-നും 24-നുമായി റോമിൽ നടന്ന കോൺഫെഡറേഷൻ ഓഫ് ട്രേഡ് യൂണിയൻസിന്റെ സമ്മേളനത്തിലേക്കു ഫ്രാൻസിസ് പാപ്പാ സന്ദേശം നല്കുകയുണ്ടായി. പ്രവാചകശക്തിയെന്നാണ് യൂണിയനുകളെ പാപ്പാ വിശേഷിപ്പിച്ചത്. അതോടൊപ്പം, തൊഴിലാളി സംഘടനകൾക്കു സംഭവിച്ചുകൊണ്ടിരിക്കുന്ന മൂല്യച്യുതിയെ സംബന്ധിച്ചും പാപ്പാ മുന്നറിയിപ്പു നല്കുകയുണ്ടായി (Letter of the Holy Father Francis to the participants in the International Conference....of New Synod Hall on 23-24 November, 2017).

തൊഴിലിടങ്ങളിൽ മൂലധനത്തെക്കാളും, പശ്ചാത്തല സൗകര്യങ്ങളെക്കാളും, അസംസ്കൃത പദാർഥങ്ങളേക്കാളും പ്രാധാന്യം തൊഴിലാളികൾക്കു വേണമെന്നു ലിയോ പതിമൂന്നാമൻ പാപ്പായുടെ കാലഘട്ടം മുതൽ തിരുസ്സഭ നിർബന്ധിച്ചുവരുന്നുണ്ട്. കാരണം ഓരോ മനുഷ്യനും ദൈവത്തിന്റെ ഛായയിൽ സൃഷ്ടിക്കപ്പെട്ട ദൈവത്തിന്റെ മക്കളാണെന്നതാണ്. കോർപ്പറേറ്റു ക്രോണി ക്യാപ്പിറ്റലിസത്തിന്റെ ഇക്കാലഘട്ടത്തിൽ അനുദിനം ഇകഴ്ച സംഭവിച്ചുകൊണ്ടിരിക്കുന്ന ഈ മൂല്യത്തെ കാത്തുസൂക്ഷിക്കാൻ വേണ്ടിയുള്ള നേതൃത്വം നല്കാനുള്ള കടമ തിരുസ്സഭയ്ക്കുണ്ട്.

കേരളസഭയുടെ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ ക്രമപ്പെടുത്തുന്നതിനായി പീപ്പിൾ മാനേജ്മെന്റ് പോളിസി കെസിബിസി പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ട്. ഇതു നടപ്പിലാക്കാനായി വേണ്ട ഒത്താശകൾ നല്കാൻ കെഎൽഎം-നെയാണു ചുമതലപ്പെടുത്തിയിരിക്കുന്നത്. വേതന വർധനവിനു വേണ്ടിയുള്ള നേഴ്സുമാരുടെ ആവശ്യത്തിൽ അനുകൂലമായ നിലപാട് ആദ്യം തന്നെ കേരള മെത്രാൻ സമിതി സ്വീകരിക്കുകയുണ്ടായി. ഈ നിലപാട് വളരെയേറെ ശ്ലാഘിക്കപ്പെടുകയുണ്ടായി. എന്നിരുന്നാലും ഇനിയും മാതൃകാപരമായ പ്രവർത്തനങ്ങളും സംവിധാനങ്ങളും സഭാസ്ഥാപനങ്ങളിലെ ജീവനക്കാർക്കായി രൂപപ്പെടുത്തേണ്ടതുണ്ട്.

കെസിബിസിയുടെ തൊഴിൽകാര്യ കമ്മീഷന്റെ ഔദ്യോഗിക സംഘടനയാണു കേരള ലേബർ മൂവ്മെന്റ്. അസംഘടിത തൊഴിലാളികളുടെ ക്ഷേമത്തിനായി ഒട്ടേറെ പ്രവർത്തനങ്ങൾ കെഎൽഎം-ന്റെ നേതൃത്വത്തിൽ നടത്തിവരുന്നുണ്ട്. വിവിധ വിഭാഗം അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും ശക്തീകരണത്തിനുമായി എട്ട് തൊഴിലാളി ഫോറങ്ങൾക്ക് കെഎൽഎം രൂപം നല്കിയിട്ടുണ്ട്. അന്യസംസ്ഥാന തൊഴിലാളികളുടെ ക്ഷേമത്തിനുള്ള പ്രവർത്തനങ്ങളും കെ.എൽഎം-ന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്നുണ്ട്.

കെ.എൽഎം. യൂണിറ്റുകളും തൊഴിലാളി ഫോറങ്ങളും എല്ലാ ഇടവകകളിലും ആരംഭിക്കാൻ എല്ലാ വൈദികരുടെയും സഹകരണം പ്രതീക്ഷിക്കുകയാണ്. സാമൂഹ്യസേവനരംഗത്ത് പ്രവർത്തിക്കുന്ന സന്ന്യാസിനികളും ഇക്കാര്യത്തിൽ ശ്രദ്ധ വയ്ക്കണമെന്നു താത്പര്യപ്പെടുന്നു. ഈ മുന്നേറ്റത്തിനു നേതൃത്വം വഹിക്കാൻ തൊഴിലാളികളെ ആഹ്വാനം ചെയ്യുന്നു.





ഒരിക്കൽക്കൂടി തൊഴിലാളി ദിനത്തിന്റെ ആശംസകൾ നേരുന്നു. നീതിമാനായ വിശുദ്ധ യൗസേപ്പിതാവ് തൊഴിലാളികളായ എല്ലാവർക്കും വേണ്ടി മാധ്യസ്ഥ്യം വഹിക്കട്ടെ.

നസ്രത്തിലെ മരപ്പണിക്കാരനായ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കൃപയും സമാധാനവും നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കുകയും നവലോകസൃഷ്ടിക്കായുള്ള നിങ്ങളേവരുടെയും പ്രവർത്തനങ്ങൾ വിശുദ്ധീകരിക്കുകയും ചെയ്യട്ടെ.

**ബിഷപ്പ് അലക്സ് വടക്കുംതല**
(ചെയർമാൻ, കെസിബിസി ലേബർ കമ്മീഷൻ)

**ബിഷപ് മാർ ജോസ് പുത്തൻവീട്ടിൽ**
(വൈസ് ചെയർമാൻ, കെസിബിസി ലേബർ കമ്മീഷൻ)

**ബിഷപ് തോമസ് മാർ യൗസേബിയൂസ്**
(വൈസ് ചെയർമാൻ, കെസിബിസി ലേബർ കമ്മീഷൻ)

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025

NB: 2018 ഏപ്രിൽ 22-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാ സഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യണം.

# രൂപതക്കച്ചേരി

*C. 32/2018* **നാവിൽ വി. കുർബാന സ്വീകരണം**

വിശുദ്ധ കുർബാന കയ്യിൽ സ്വീകരിക്കുന്ന പതിവ് കുറച്ചുനാളുകളായി ഉണ്ടായിരുന്നല്ലോ. എന്നാൽ ഈ കാലഘട്ടത്തിന്റെ പ്രത്യേകത കൊണ്ട് വിശുദ്ധ കുർബാന കഴിയുന്നതും നാവിൽ സ്വീകരിക്കുന്നതാണ് അഭികാമ്യം.

*Bishop*

*C. 33/2018* **അഭിവന്ദ്യ പിതാക്കന്മാർക്കും വൈദികർക്കും തിരുനാൾ മംഗളങ്ങൾ**

വി. ഗീവർഗീസിന്റെ നാമധാരികളായ അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവിനും മാർ ജോർജ് പുന്നക്കോട്ടിൽ പിതാവിനും വൈദികർക്കും തിരുനാൾ മംഗളങ്ങൾ നേരുന്നതിനായി രൂപതയിലെ മുഴുവൻ വൈദികരും സന്യാസസമൂഹങ്ങളുടെ പ്രൊവിൻഷ്യൽസ്/ പ്രതിനിധികൾ, ഭക്തസംഘടനകളുടെ പ്രസിഡന്റുമാർ, പാസ്റ്ററൽ കൗൺസിൽ എക്സിക്യൂട്ടീവ് അംഗങ്ങൾ എന്നിവരും പങ്കെടുക്കുന്ന മീറ്റിംഗ് 2018 ഏപ്രിൽ 24-ാം തീയതി ചൊവ്വാഴ്ച രാവിലെ 11.30-ന് മൂവാറ്റുപുഴ NESTT-ൽ വച്ച് നടക്കുന്നു. അഭിവന്ദ്യ പിതാക്കന്മാർക്കും വൈദികർക്കും നാമഹേതുക തിരുനാളിന്റെ മംഗളങ്ങൾ നേരുന്നതിനായുള്ള മീറ്റിംഗിലേയ്ക്കും തുടർന്നുള്ള സ്നേഹവിരുന്നിലേയ്ക്കും മേല്പറഞ്ഞ എല്ലാവരെയും സ്നേഹപൂർവം ക്ഷണിക്കുന്നു.

*Protosyncellus*

*C.34 /2018* **കോതമംഗലം രൂപതാവൈദികരുടെ സമ്മേളനം**

2018 ഏപ്രിൽ മാസം 24-ാം തീയതി രൂപതാ വൈദികരുടെ പ്രത്യേക സമ്മേളനം രാവിലെ 10.30 മുതൽ 11.30 വരെ മൂവാറ്റുപുഴ നെസ്റ്റിൽ നടക്കുന്നു. ബഹു. വൈദികരെല്ലാവരും ഇതിൽ പങ്കെടുക്കുവാൻ ശ്രദ്ധിക്കുമല്ലോ.

*Syncellus*

*C.35/2018* **Monthly Recollection for Priests Topic for discussion in May**

Read in common Nos. 722-732 of the Catechism of the Catholic Church.

*Syncellus*





*Js.3/2018* **ജൂബിലി സ്മാരക സ്കോളർഷിപ്പ്**

മാർ ജോർജ് പുന്നക്കോട്ടിൽ മെത്രാഭിഷേക രജതജൂബിലി സ്മാരക സ്കോളർഷിപ്പിലേയ്ക്ക് ഗുണഭോക്താക്കളെ ക്ഷണിക്കുന്നു. കോതമംഗലം, ഇടുക്കി രൂപതകളിൽപ്പെട്ട കത്തോലിക്കാ കുട്ടികൾക്ക് മാത്രമാണ് അപേക്ഷിക്കുവാൻ അർഹതയുള്ളത്. താഴെ പേരുപറഞ്ഞിരിക്കുന്ന ഏതെങ്കിലും കോഴ്സിലേക്ക് 2018-2019 അദ്ധ്യയന വർഷം പ്രവേശനം പ്രതീക്ഷിക്കുന്നവരും ഇപ്പോൾ പഠനം നടത്തുന്നവരുമാണ് സ്കോളർഷിപ്പിന് അപേക്ഷിക്കേണ്ടത്.

Technical and Professional Studies at Graduate and Post Graduate levels in various branches of Medicine, Engineering, Nursing, Para-Medical courses, Computer Application (Master's Degree only) and Business / Banking Administration (Master's Degree only).

**ഒരിക്കൽ സ്കോളർഷിപ്പ് ലഭിച്ചവരും ഡിസംബർ മാസത്തിനുമുമ്പ് കോഴ്സ് അവസാനിക്കുന്നവരും അപേക്ഷിക്കേണ്ടതില്ല.**

2018 മെയ് 12-ാം തീയതി ശനിയാഴ്ച പകൽ 10 മുതൽ 12 മണി വരെ കോതമംഗലം ബിഷപ്പ്സ് ഹൗസിൽവച്ച് നടത്തുന്ന പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിലായിരിക്കും ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത്. സൺഡേസ്കൂൾ സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയവർ മാത്രമേ പ്രവേശന പരീക്ഷയിൽ പങ്കെടുക്കാവൂ. പ്രവേശനപരീക്ഷയിൽ വിജയിക്കുന്നതിന് 50% മാർക്ക് വാങ്ങേണ്ടതുണ്ട്. സ്കോളർഷിപ്പിന്റെ നിയമാവലിക്ക് കോതമംഗലം രൂപതാനിയമസംഗ്രഹം അനുബന്ധം 14 കാണുക.

**പ്രവേശന പരീക്ഷാ വിഷയങ്ങൾ**

Sunday School Texts - Standards IX, X, XI, XII, പൊതുവിജ്ഞാനം.

സ്കോളർഷിപ്പിനുവേണ്ടി അപേക്ഷിക്കുവാൻ ആഗ്രഹിക്കുന്ന കുട്ടികളുടെ പേരുവിവരം ബഹു. വികാരിയച്ചന്മാർ താഴെ പറയുന്ന വിലാസത്തിൽ 2018 ഏപ്രിൽ 30-ാം തീയതിക്കകം അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

The Secretary, Bishop Mar George Punnakottil Episcopal Silver Jubilee Memorial Education Society, Bishop's House, P.B. No. 6, Kothamangalam - 686 691 Tel : 0485 -2862236

*Chancellor*

*C.36/2018* **2017-18 സാമ്പത്തികവർഷത്തിലെ കണക്കുകൾ**

ഇടവകകളും, സ്ഥാപനങ്ങളും 2017-18 സാമ്പത്തികവർഷത്തിലെ കണക്കുകൾ ഏപ്രിൽ 25, മെയ് 2 തീയതികളിൽ ഓഡിറ്റ് ചെയ്ത് മെയ് മാസം 20-ാം തീയതിക്കുമുമ്പായി രൂപതാ ഫൈനാൻസ് ഓഫീസിൽ എത്തിക്കേണ്ടതാണ്. പുതിയ അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയർ ഉപയോഗിച്ചുവേണം ഇടവകകളുടെ കണക്കുകൾ തയ്യാറാക്കുവാൻ. സ്ഥാപനങ്ങളുടെ കണക്കുകൾ ടാലി പ്രോഗ്രാമിലാണ് തയ്യാറാക്കേണ്ടത്. ഓഡിറ്റിംഗിനായി നിശ്ചയിക്കപ്പെട്ടിരിക്കുന്ന തീയതികളിൽ അസൗകര്യമുണ്ടെങ്കിൽ ഏപ്രിൽ 15 -നുമുമ്പായി രൂപതാ പ്രൊക്കുറേറ്ററെ അറിയിക്കേണ്ടതാണ്. താഴെ പറയുന്ന ഫൊറോനകളുടെ കീഴിൽ വരുന്ന എല്ലാ പള്ളികളുടെയും Accounts അതാതു ദിവസങ്ങളിൽ ഓഡിറ്റ് നടത്തേണ്ടതാണ്.

| | | |
|---|---|---|
| Venue | - | Nirmala College Computer Lab |
| Time | - | 9.30 am - 4.00 pm |
| April 25 | - | ആരക്കുഴ, കാളിയാർ, കരിമണ്ണൂർ, കോതമംഗലം, മൈലക്കൊമ്പ് |
| May 2 | - | മാറിക, മുതലക്കോടം, മുവാറ്റുപുഴ, ഊന്നുകൽ, പൈങ്ങോട്ടൂർ, തൊടുപുഴ, വാഴക്കുളം. |

*Procurator*

Pr.C.4/*2018* **Meeting of the Presbyteral Council**

An ordinary meeting of the Presbyteral Council will be held on **Tuesday, April 17, 2018 from 10.00 am to 1.00 pm** at the Bishop's House. The members are cordially invited.

Topics to be included in the Agenda may be sent to the secretary before April 12, 2018.

*Secretary*

*PC. 3/2018* **Meeting of the Pastoral Council**

An ordinary meeting of the Pastoral Council will be held on **Friday, April 20, 2018 from 10.00 am to 1.00 pm** at the Bishop's House. The members are cordially invited.

Topics to be included in the Agenda may be sent to the secretary before April 15, 2018.

*Secretary*





# മൈനർ സെമിനാരി

*MS 11 /2018* **ദൈവവിളി ക്യാമ്പ്**

രൂപതാ മൈനർ സെമിനാരിയിൽ ചേർന്നു വൈദികപരിശീലനം നേടാൻ ആഗ്രഹിക്കുന്നവർക്കായി ദൈവവിളി ക്യാമ്പ് നടത്തുന്നു. 2018 ഏപ്രിൽ 8-ാം തീയതി ഞായറാഴ്ച രാവിലെ 10 മണിക്ക് ആരംഭിച്ച് 10-ാം തീയതി ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് ക്യാമ്പ് അവസാനിക്കും. SSLC, Plus Two പരീക്ഷകൾ എഴുതിയിരിക്കുന്നവരും ഉപരിവിദ്യാഭ്യാസയോഗ്യതയുള്ളവരുമായ അനുയോജ്യരായ കുട്ടികളെ ആണ് ഈ ക്യാമ്പിൽ പ്രതീക്ഷിക്കുന്നത്. ഏപ്രിൽ 8-ാം തീയതി ഞായറാഴ്ച വൈകുന്നേരം സെമിനാരിയിൽ വി. കുർബാനയുണ്ടായിരിക്കുന്നതാണ്. ഏപ്രിൽ 10-നാണ് ഇന്റർവ്യൂ. അനുയോജ്യരായ കുട്ടികളെ ബഹു. വികാരിയച്ചന്മാർ പ്രോത്സാഹിപ്പിച്ചു കത്തുനൽകി പറഞ്ഞയയ്ക്കുമല്ലോ. ദൈവവിളി പ്രോത്സാഹനത്തിന് നല്കുന്ന സഹകരണത്തിന് ബഹു. അച്ചന്മാർക്ക് സ്നേഹപൂർവം നന്ദി.

NB: ക്യാമ്പിൽ പങ്കെടുക്കുന്നവർ നോട്ട്ബുക്ക്, പേന, ടോയ്‌ലറ്റ് സാധനങ്ങൾ എന്നിവ കൊണ്ടുവരേണ്ടതാണ്.

*MS 12 /2018* **അവധിക്കാല ധ്യാനം**

നമ്മുടെ വൈദികവിദ്യാർത്ഥികളുടെ നേതൃത്വത്തിൽ എൽ.പി., യു.പി., ഹൈസ്കൂൾ, ഹയർസെക്കന്ററി, വിദ്യാർത്ഥികൾക്കായി ധ്യാനവും ക്യാമ്പുകളും നടത്താൻ ടീമുകൾ സജ്ജമായിട്ടുണ്ട്. ഏപ്രിൽ 9 മുതൽ മെയ് 26 വരെയുള്ള തീയതികളിലായിരിക്കും കൂടുതൽ സൗകര്യം. ബഹു. വികാരിയച്ചന്മാർ മൈനർ സെമിനാരിയുമായി ബന്ധപ്പെടുമല്ലോ.

*MS 13 /2018* **സെമിനാരിക്ക് സാമ്പത്തിക സഹായം നൽകിയവർ**

| | | | |
|---|---|---|---|
| 1 | One benefactor | ₹ | 8000 |
| 2 | Baby Joseph Olickal, Vazhakulam | ₹ | 3000 |
| 3 | One benefactor | ₹ | 2000 |
| 4 | John Tharian Elenjickal, Inchoor | ₹ | 5000 |
| 5 | Manuel Chemparathy, Muthalakodam | ₹ | 5000 |
| 6 | Rev. Fr. Francis Kannadan | ₹ | 10000 |
| 7 | CML Kalayanthany | ₹ | 10000 |

| | | | |
|---|---|---|---|
| 8 | Rev. Fr. George Nirappath | ₹ | 10000 |
| 9 | One benefactor | ₹ | 2000 |
| 10 | St. Joseph Church, Velielchal | ₹ | 10000 |

*Rector*

## വിജ്ഞാനഭവൻ

*V. 31/2018* **ക്യാറ്റകെറ്റിക്കൽ കമ്മിറ്റി : ഏപ്രിൽ 25**

നടപ്പുവർഷത്തെ പ്രവർത്തനങ്ങളെക്കുറിച്ച് വിലയിരുത്തുന്നതിനും അടുത്ത അദ്ധ്യയന വർഷത്തിലെ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുന്നതിനും വേണ്ടി, രൂപതാ ക്യാറ്റകെറ്റിക്കൽ കമ്മിറ്റിയുടെ മീറ്റിംഗ് ബിഷപ്സ് ഹൗസിൽ വച്ച് 2018 ഏപ്രിൽ 25-ാം തീയതി ബുധനാഴ്ച 10.30 am-ന് നടത്തുന്നതിന് നിശ്ചയിച്ചിരിക്കുന്നു. എല്ലാ അംഗങ്ങളും പങ്കെടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്. **കത്ത് കിട്ടാത്തവർ ഇതൊരറിയിപ്പായി കണക്കാക്കുമല്ലോ.**

*V. 32/2018* **രണ്ടാം സെമസ്റ്റർ പരീക്ഷ**

**ഏപ്രിൽ 7 ശനി**

Std - I - IX - 10.00 am - 12.00 noon

1. ചോദ്യപേപ്പറുകൾ ഏപ്രിൽ 6-ാം തീയതി മേഖലാ കേന്ദ്രങ്ങളിൽ നിന്നും ലഭിക്കുന്നതാണ്.
2. പരീക്ഷാ സമയം കൃത്യമായി പാലിക്കേണ്ടതാണ്.

NB: ഒന്ന്, രണ്ട് ക്ലാസ്സുകളിൽ ചോദ്യപരീക്ഷ ആയിരിക്കും.

*V. 33/2018* **SAY EXAM- X, XII**

**പരീക്ഷ : ഏപ്രിൽ 7 ശനി**

സമയം : 10.00 am - 12.00 noon

**റിസൽട്ട്, സർട്ടിഫിക്കറ്റ് ബുക്ക് വിതരണം : മെയ് 2 ബുധൻ**

- അതാത് ഇടവകകളിൽ തന്നെയാണ് SAY Exam നടത്തേണ്ടത്.
- ചോദ്യപേപ്പറുകൾ ഏപ്രിൽ 6-ാം തീയതി വെള്ളിയാഴ്ച മേഖലാ കേന്ദ്രങ്ങളിൽ നിന്നും ലഭിക്കുന്നതാണ്.
- മൂല്യനിർണ്ണയം നടത്തിയ പരീക്ഷാ പേപ്പറുകൾ ഏപ്രിൽ 14-ന് മുമ്പ് **രൂപതാകേന്ദ്രത്തിൽ** എത്തിക്കണം.

*V. 34 /2018* **B ലിസ്റ്റ്, ഇന്റേണൽ ഫോം**

10, 12 ക്ലാസ്സുകളിലെ B ലിസ്റ്റ്, ഇന്റേണൽ ഫോം എന്നിവ ഏപ്രിൽ





14 ശനിയാഴ്ചയ്ക്കുമുമ്പ് വിജ്ഞാനഭവൻ ഓഫീസിൽ എത്തിക്കണം. (രണ്ടു സെമസ്റ്ററിലെ മാർക്കും ഇന്റേണൽ മാർക്കും കൂട്ടി എഴുതേണ്ടതാണ്.)

മെയ് 2 ബുധൻ : റിസൽട്ട്, സർട്ടിഫിക്കറ്റ് ബുക്ക് വിതരണം. (സർട്ടിഫിക്കറ്റ് ബുക്ക് വിതരണം മെയ് 19-ന് അവസാനിക്കുന്നതാണ്.)

*V. 35/2018* **സ്കോളർഷിപ്പ് പരീക്ഷ**

തീയതി : ഏപ്രിൽ 10 ചൊവ്വ

സമയം : 10.30 am - 12.30 pm

**പരീക്ഷാകേന്ദ്രങ്ങൾ**

| | | |
|---|---|---|
| Kothamangalam | - | St. Augustine GHS |
| Muvattupuzha | - | St. Augustine GHS |
| Vazhakulam | - | Little Theresa's GHS |
| Thodupuzha | - | St. Sebastian's UPS |
| Muthalakodam | - | St. George's HS |
| Karimannoor | - | Holy Family UPS |
| Paingottoor | - | St. Joseph's HSS |

ഈ വർഷം മുതൽ സ്കോളർഷിപ്പ് പരീക്ഷയ്ക്ക് ഫൊറോന തലത്തിൽ സമ്മാനമുണ്ടായിരിക്കുന്നതാണ്. അതുകൊണ്ട് കുട്ടികൾ ഉത്തരക്കടലാസിൽ ഫൊറോന രേഖപ്പെടുത്തേണ്ടതാണ്. രജിസ്റ്റർ നമ്പർ എഴുതിയ B ലിസ്റ്റും ഹാൾടിക്കറ്റും ഏപ്രിൽ 7 -ാം തീയതിയിലെ പരീക്ഷാ പേപ്പറിന്റെ കൂടെ ഉണ്ടായിരിക്കുന്നതാണ്.

*V. 36/2018* **നന്ദി**

മാർച്ച് 10-ാം തീയതി നെസ്റ്റിൽ വച്ച് നടന്ന വിശ്വാസോത്സവ ട്രെയിനിംഗിൽ പങ്കെടുത്തവർക്കും അവരെ പറഞ്ഞയച്ച വികാരിയച്ചന്മാർക്കും ഹെഡ്മാസ്റ്റർമാർക്കും നന്ദി അറിയിക്കുന്നു.

*V. 37/2018* **വിശ്വാസോത്സവം - ഏപ്രിൽ 3-6**

ഈ വർഷത്തെ വിശ്വാസോത്സവം ഏപ്രിൽ 3 മുതൽ 6 വരെ, 4 ദിവസങ്ങളിലും രാവിലെ 9.00 മണി മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെ നടത്തേണ്ടതാണ്.

*V. 38/2018* **വിശ്വാസോത്സവ പുസ്തകം**

വിശ്വാസോത്സവത്തിന് ഉപയോഗിക്കുന്നതിനുള്ള ഈ വർഷത്തെ പുതിയ പുസ്തകം തയ്യാറാക്കാൻ സഹായിച്ചത് നമ്മുടെ രൂപതയിലെ തന്നെ ഏതാനും വൈദികരും സന്യസ്തരുമാണ്. റവ. ഫാ. പോൾ കളത്തൂർ, ഫാ. തോമസ് വിലങ്ങുപാറയിൽ, ഫാ. ജോസഫ് കൂനാനിക്കൽ, ഫാ. ഫ്രാൻസിസ് മഠത്തിപ്പറമ്പിൽ, ഫാ. സക്കറിയാസ് കല്ലിടു

ക്കിൽ, ഫാ. അബ്രാഹം നിരവത്തിനാൽ, ഫാ. പൗലോസ് നെടുംതടം, ഫാ. ജോൺ പടിഞ്ഞാറ്റുവയലിൽ, ഫാ. ജോർജ് മാറാപ്പിള്ളിൽ, ഫാ. ജോർജ് മലേപ്പറമ്പിൽ, ഫാ. ജോസഫ് പുളിക്കൽ (Jr), റവ. സി. ലിന്റ സി.എം.സി., സി. ഡെലീന സി.എം.സി., സി. ലിസ്ബത്ത് സി.എം.സി., സി. ജ്യോതി മരിയ സി.എം.സി., സി. മെറീന സി.എം.സി., സി. ഡീന എഫ്.സി.സി., ശ്രീ. നിബിൻ ചുണ്ടംകുഴിയിൽ, ശ്രീ. പോൾഡിൻ ഏനാനിക്കൽ എന്നിവരെ കൃതജ്ഞതയോടെ അനുസ്മരിക്കുന്നു.

*V. 39/2018* **Short film Competition – വിജയികൾ**

Short film Competition -ൽ പങ്കെടുത്ത എല്ലാ ഇടവകകൾക്കും അഭിനന്ദനങ്ങളും കൃതജ്ഞതയും അറിയിക്കുന്നു. വളരെ മനോഹരമായാണ് പങ്കെടുത്തവരെല്ലാം ഈ ലഘുചിത്രങ്ങളൊരുക്കിയത് എന്നത് വളരെ അഭിമാനകരമാണ്. അതിനു നേതൃത്വം നൽകിയ വികാരിയച്ചന്മാരെയും കൊച്ചച്ചന്മാരെയും അദ്ധ്യാപകരെയും അഭിനന്ദിക്കുന്നു.

**സമ്മാനാർഹമായ ചിത്രങ്ങളും ഇടവകകളും:**

I$^{st}$ - സെന്റ് ജോർജ് സൺഡേ സ്കൂൾ, മുതലക്കോടം

II$^{nd}$ - സെന്റ് സെബാസ്റ്റ്യൻസ് സൺഡേ സ്കൂൾ, ഉടുമ്പന്നൂർ

III$^{rd}$- സെന്റ് സെബാസ്റ്റ്യൻസ് സൺഡേ സ്കൂൾ, തൊടുപുഴ

**പ്രോത്സാഹന സമ്മാനം നേടിയവർ**

സെന്റ് സെബാസ്റ്റ്യൻസ് സൺഡേ സ്കൂൾ, നാടുകാണി

സെന്റ് ആന്റണീസ് സൺഡേ സ്കൂൾ, പൈങ്ങോട്ടൂർ

സെന്റ് ജോർജ് സൺഡേ സ്കൂൾ, ചിറ്റൂർ

*V. 40/2018* **പി.റ്റി.എ., വിശ്വാസോത്സവം, വാർഷിക റിപ്പോർട്ട്**

പി.റ്റി.എ., വിശ്വാസോത്സവം റിപ്പോർട്ടുകൾ, വാർഷിക റിപ്പോർട്ട് എന്നിവ ഏപ്രിൽ 30-ന് മുമ്പ് എത്തിക്കേണ്ടതാണ്. പിന്നീട് സ്വീകരിക്കുന്നതല്ല. പി.റ്റി.എ റിപ്പോർട്ടിനുള്ള ഫോം വാർഷിക പരീക്ഷയുടെ ഉത്തരകടലാസിന്റെ കൂടെ ലഭിക്കുന്നതാണ്.

*V. 41/2018* **പ്രമോട്ടേഴ്സ് ടീം അംഗങ്ങൾക്ക് നന്ദി**

ജനുവരി മാസം മുതൽ സൺഡേ സ്കൂൾ വിസിറ്റ് നടത്തി വരികയായിരുന്ന പ്രമോട്ടേഴ്സ് ടീം അംഗങ്ങളായ റവ. ഫാ. തോമസ് പൂവത്തിങ്കൽ, റവ. ഫാ. ജേക്കബ് തലാപ്പിള്ളിൽ, റവ. ഫാ. ജോസ് മൂർക്കാട്ടിൽ, റവ. ഫാ. പോൾ ചൂരത്തൊട്ടി, റവ. ഫാ. ജോസഫ് അത്തിക്കൽ, റവ. ഫാ. മാത്യു മുണ്ടയ്ക്കൽ, റവ. ഫാ. ജസ്റ്റിൻ കണ്ണാടൻ, റവ.





ഫാ. തോമസ് വിലങ്ങുപാറയിൽ, റവ. ഫാ. പൗലോസ് നെടുംതടം, റവ. ഫാ. ജെയിംസ് ചൂരത്തൊട്ടി, റവ. ഫാ. മാർട്ടിൻ MCBS, സി. ആൻസി FCC, സി. ലിസ പുളിക്കൽ SABS, സി. കാരുണ്യ CMC, ശ്രീ. കെ.സി ജോർജ് കല്ലത്ത്, ശ്രീ. സിജി അഗസ്റ്റിൻ നിരപ്പേൽ, ശ്രീ. ഫ്രാൻസിസ് നെല്ലിക്കുന്നേൽ, ശ്രീ. എം.റ്റി. ജോസഫ് മൂലശ്ശേരിൽ, ശ്രീ. K.M. മാത്യു കോലംകുഴിയിൽ, ശ്രീ. ദീപു വലിയമറ്റം, ശ്രീ. സോജൻ മാത്യു നെടുമ്പുറത്ത്, ശ്രീ. റിജിൽ ജോയി വെട്ടിയാങ്കൽ, ശ്രീ. ജെന്നി അലക്സ് കുന്നേൽ, ശ്രീ. പ്രിൻസ് തുരുത്തിപ്പിള്ളിൽ, ശ്രീ. ഫെബിൻ ഫ്രാൻസിസ് കട്ടയ്ക്കൽ, ശ്രീ. ജോൺസൺ കറുകപ്പള്ളിൽ എന്നിവർക്ക് ആത്മാർത്ഥമായ നന്ദി.

*V. 42/2018* **HM – മാറ്റം**

HM മാറുന്നുണ്ടെങ്കിൽ അക്കാര്യം ഏപ്രിൽ 25-ന് മുമ്പ് അറിയിക്കണം. പുതിയ HM -ന്റെ പേരും ഫോൺ നമ്പറും അറിയിക്കേണ്ടതാണ്.

*V. 43/2018* **ആദ്യകുർബാനപുസ്തകം**

ആദ്യകുർബാനയ്ക്ക് ഒരുക്കത്തിനായുള്ള പുസ്തകം വിജ്ഞാനഭവൻ ബുക്ക്സ്റ്റാളിൽ നിന്ന് ലഭിക്കുന്നതാണ്. ക്ലാസ് തുടങ്ങുമ്പോൾ ഈ പുസ്തകം പ്രയോജനപ്പെടുത്തണമെന്ന് ഓർമ്മപ്പെടുത്തുന്നു. ചെറിയവേദോപദേശം, പോക്കറ്റ് ബൈബിൾ, കുർബാന പുസ്തകം, കൊന്ത, വെന്തിങ്ങ മുതലായവയും ലഭ്യമാണ്.

*Director*

## കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി

*Edn. 12 /2018* **Diocesan Awards 2017-2018**

| | | |
|---|---|---|
| **Best HSS** | - | St. Augustine's HSS, Kalloorkad |
| **Best HS** | - | Little Flower HS, Oonnukal |
| **Best UPS** | - | St. John's UPS, Kaloor |
| **Best LPS** | - | St. Mary's LPS, Kaliyar |

**Best Teacher Award - 2017-2018**

1 Dr. Somy John, Principal, St. George's HSS, Kothamangalam
2 Sri. Joy P.T., HM, St. Sebastian's HS, Purapuzha
3 Smt. Lucy Emmanual, HM, Fathima Matha UPS, Malippara
4 Sri. George O.M., HM, St. Joseph LPS, Paingottoor
5 Sri. James C.C., Clerk, St. Joseph HSS, Karimannoor

**Best Schools for Catechism/Moral Science**

**Best HS** - St. Little Theresa's HS, Vazhakulam
**Best UPS** - St. Augustine's GHSS, Muvattupuzha
**Best LPS** - Nirmala Junior School, Muvattupuzha

**Sri Jose Pittappill Scholarship**

Kumari. Devi Nandana K.S., St. George's HSS, Muthalakodam

*Edn.13 /2018* **List of Competitive Examinations Winners 2017-18**

**Std. X - Catechism**

1. Aleena Jolly - SLT HS, Vazhakulam
2. Treesa Rani Thomas - SAG HSS, Muvattupzha
3. Linsu Theres Jino - SLT HS, Vazhakulam

**Std. X - Moral Science**

1. Meera Nair - Vimala Public School, Thodupuzha
2. Megha Nair - Vimala Public School, Thodupuzha
3. B. Sreelakshmi - SH HSS, Ayavana

**Std. VII - Catechism**

1. Sneha Paul - SAG HSS, Kothamangalam
2. Anand Joe Nedumkallel- SS UPS, Thodupuzha
3. Feleena Francis - SLT HS, Vazhakulam

**Std. VII -Moral Science**

1. Aishamol Salim - SA GHSS, Muvattupuzha
2. Aswathy A.S. - SH HSS, Ayavana
3. Alfiya Anil - SH HSS, Ayavana

**Std. IV -Catechism**

1. Jewel Therese Saji - Vimalamatha, Kuttampuzha
2. Libna Elizabeth Joshy - Nirmala Junior School, Muvattupuzha
3. Ann Treesa Sabu - Jai Rani Public School, Kaliyar

**Std. IV -Moral Science**

1. Thsana Fathima - Nirmala Junior School, Muvattupuzha
2. Beema Nesrin - Nirmala Junior School, Muvattupuzha
3. Joyal Joshy - SH LPS, Ramalloor





*Edn.14/2018*

സർവ്വീസിൽനിന്നും വിരമിക്കുന്ന പ്രധാന അദ്ധ്യാപകർ സ്കൂൾ സംബന്ധമായ എല്ലാ വിവരങ്ങളും കണക്കുകളും പുതിയതായി ചാർജെടുക്കുന്ന പ്രധാനാദ്ധ്യാപകരെ പറഞ്ഞ് ബോദ്ധ്യപ്പെടുത്തിയ തിനുശേഷമേ ചാർജ് കൈമാറാവൂ എന്ന് ഓർമ്മിപ്പിക്കുന്നു.

*Secretary*

# സോഷ്യൽ സർവീസ്

*SS. 11 /2018* **ആശാകിരണം കാൻസർ സുരക്ഷ പദ്ധതി**

കെ.എസ്.എസ്.എസ്. ന്റെ നേതൃത്വത്തിൽ നടത്തുന്ന ആശാകിരണം കാൻസർ സുരക്ഷ പദ്ധതി വഴി 2018 ഫെബ്രുവരി മാസം 52 രോഗികൾക്കായി 268850/- രൂപ ചികിത്സാ സഹായം നൽകി.

*SS. 12 /2018* **SAFP - ഇവാലുവേഷൻ**

കോതമംഗലം രൂപത ഹെൽത്ത് സർവ്വീസ് സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന സേവ് എ ഫാമിലി പ്ലാനിന്റെ എക്സ്റ്റേണൽ ഇവാലുവേഷൻ നടത്തുകയുണ്ടായി. സേവ് എ ഫാമിലി പ്ലാൻ ഇന്ത്യ ഓഫീസിന്റെ നിർദ്ദേശാനുസരണമാണ് വിലയിരുത്തൽ നടത്തിയത്. വിലയിരുത്തലിന്റെ ഭാഗമായി ഗുണഭോക്താക്കളുടെ ഭവനങ്ങൾ സന്ദർശിച്ച് സംതൃപ്തി രേഖപ്പെടുത്തി. നിലവിൽ കെ.എസ്.എസ്.എസ്. വഴി 320 കുടുംബങ്ങളെ S.A.F.P.-യിൽ നിന്നു സഹായിക്കുന്നുണ്ട്.

*SS. 13 /2018* **ഊർജ്ജകിരൺ 2017-18 പദ്ധതി**

സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്ന ഊർജ്ജകിരൺ 2017-18 പദ്ധതി പ്രകാരം കീരംപാറ, മാതിരപ്പിള്ളി, രാമല്ലൂർ എന്നിവിടങ്ങളിൽ വച്ച് ഊർജ്ജ സംരക്ഷണ ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി. കെ.എസ്.എസ്.എസ്. ഡയറക്ടർ ഫാ. ജേക്കബ് തലാപ്പിള്ളിൽ മാതിരപ്പിള്ളി, രാമല്ലൂർ എന്നിവിടങ്ങളിൽ ഉദ്ഘാടനം നിർവ്വഹിച്ചു. കീരംപാറ വച്ച് നടത്തിയ ഊർജ്ജകിരൺ പ്രോഗ്രാമിൽ വികാരി ഫാ. ജോർജ് പുല്ലൻ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ മുൻസിപ്പൽ കൗൺസിലർ ശ്രീ. ഹെലൻ ഉദ്ഘാടനം ചെയ്തു. ഇ.എം.സി. ട്രെയിനർ ജോൺസൺ കറുകപ്പിള്ളിൽ ബോധവത്കരണ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

*SS. 14 /2018* **നോമ്പുകാല സംഭാവന**

പാവപ്പെട്ടവരും നിർദ്ധനരുമായ രോഗികളെ സഹായിക്കുന്നതി

നായി എല്ലാ വർഷവും നോമ്പുകാല സംഭാവനകൾ ഇടവകയിൽ നിന്ന് നാം ശേഖരിക്കുന്നുണ്ടല്ലോ. അതനുസരിച്ച് ഈ വർഷത്തെ നോമ്പുകാല സംഭാവന (ഓശാന ഞായറാഴ്ച കളക്ഷൻ) കെ.എസ്.എസ്.എസ് -ൽ എത്തിക്കുവാൻ താല്പര്യപ്പെടുന്നു. ഇടവകകളിൽ നിന്നും ലഭിക്കുന്ന ഈ സംഭാവന ചികിത്സാസഹായം, വീട് പുനരുദ്ധാരണം, കക്കൂസ് നിർമ്മാണം, വിവാഹ സഹായം, വിദ്യാഭ്യാസ സഹായം തുടങ്ങിയവയ്ക്കാണ് ഉപയോഗിക്കുക.

*Director*

## ചെറുപുഷ്പ മിഷൻലീഗ്

*CML15 /2018* **ക്രിസ്റ്റീൻ ധ്യാനം**

കുട്ടികൾക്കായുള്ള അവധിക്കാല ധ്യാനം ഏപ്രിൽ മാസത്തിൽ മൂവാറ്റുപുഴ നെസ്റ്റിൽ വച്ചു ബഹു. ക്ലെരീഷ്യൻ അച്ചന്മാരുടെ നേതൃത്വത്തിൽ നടത്തുന്നു.

8-ാം ക്ലാസ് മുതൽ +2 വരെയുള്ള കുട്ടികൾക്കുള്ള ധ്യാനം ഏപ്രിൽ 9-ാം തീയതി രാവിലെ 9.00 മണിക്ക് ആരംഭിച്ച് ഏപ്രിൽ 11-ാം തീയതി വൈകിട്ട് 4.00 മണിക്ക് അവസാനിക്കുന്നു.

4-ാം ക്ലാസ്സ് മുതൽ 7-ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്കുള്ള ധ്യാനം ഏപ്രിൽ 25-ാം തീയതി രാവിലെ 9 മണിക്ക് ആരംഭിച്ച് ഏപ്രിൽ 27-ാം തീയതി 4.00 മണിക്ക് അവസാനിക്കുന്നു.

ധ്യാനത്തിന്റെ ഫീസ് 500 രൂപയായിരിക്കും. പങ്കെടുക്കുന്ന കുട്ടികളുടെ എണ്ണം ഏപ്രിൽ 2-ന് മുമ്പ് രൂപതാ ഓഫീസിൽ അറിയിക്കേണ്ടതാണ്.

*CML16 /2018* **കൈയെഴുത്തു മാസിക മത്സരം**

രൂപതാതലത്തിലുള്ള കൈയെഴുത്തു മാസിക നിർമ്മാണ മത്സരം ഏപ്രിൽ 21-ാം തീയതി രാവിലെ 9.30 ന് മൂവാറ്റുപുഴ നിർമ്മല പബ്ലിക് സ്കൂളിൽ വച്ച് നടത്തുന്നു. വിശദവിവരങ്ങൾ രൂപതാ മാർഗ്ഗരേഖയുടെ 29-ാം പേജിൽ നൽകിയിട്ടുണ്ട്. എല്ലാ ശാഖകളും പങ്കെടുക്കുമല്ലോ.

*CML17 /2018* **ചെറുസൂനം ക്വിസ് രൂപതാ തലം**

ചെറുസൂനം ക്വിസ് രൂപതാ തല മത്സരം ഏപ്രിൽ 21-ാം തീയതി രാവിലെ 9.30-ന് മൂവാറ്റുപുഴ നിർമ്മല പബ്ലിക് സ്കൂളിൽ വച്ച് നടത്തുന്നു. രൂപതാതല മത്സരത്തിലേക്ക് യോഗ്യത നേടിയവർ.





**ചെറുസൂനം ക്വിസ് - യു.പി.**

1. എമ്മാനുവൽ സോമി - ഇഞ്ചത്തൊട്ടി
2. എൽബ മരിയ ബൈജു - തൊടുപുഴ
3. മാത്യൂസ് ജോണി ആനിക്കാത്തോട്ടത്തിൽ - ആരക്കുഴ
4. കെവിൻ സിബി - പോത്താനിക്കാട്
5. അലൻ ഫ്രാൻസീസ് - പെരുമ്പിള്ളിച്ചിറ
6. അഥീന ബേബി ബാബു - കലൂർ
7. ലിയോണ ലൈജു - കരിമണ്ണൂർ
8. മാർഗരറ്റ് ബേബി - പൈങ്ങോട്ടൂർ
9. ഐറിൻ സാബു - കദളിക്കാട്
10. ആഷിതാ ബെന്നി കളവേലിൽ - നാകപ്പുഴ
11. ജോസിയ ജോസഫ് - പന്നിമറ്റം
12. ശ്രേയ മാത്യൂസ് തോട്ടുങ്കൽ - നെടിയശാല
13. ആൻഡ്രിയ ജോഷി - പൈങ്ങോട്ടൂർ
14. ക്രിസ്ബിൻ സിബി - പൈങ്ങോട്ടൂർ
15. ഡെല്ല മരിയ എടത്തല - കുളപ്പുറം
16. ഒൾഗ ജോസഫ് ആശാരികുടിയിൽ - അരിക്കുഴ
17. ലിൻഡ ബാബു വടക്കേക്കര - അരിക്കുഴ
18. അൽവിൻ ഏലിയാസ് - വടാട്ടുപാറ
19. ആൻമരിയ ഷിബി - ഇഞ്ചത്തൊട്ടി
20. ആഷിൻ ജോസഫ് - ഇഞ്ചത്തൊട്ടി

**ചെറുസൂനം ക്വിസ് - എച്ച്.എസ്.**

1. ബിനോൾ ബെന്നി മാറാട്ടിൽ - പാറപ്പുഴ
2. നമിത എലിസബത്ത് മാത്യു പുളിയൻകുന്നേൽ - പാറപ്പുഴ
3. റീനാ മോൾ ജീസ്സ് - പെരുമ്പല്ലൂർ
4. അനു മാത്യു - പെരുമ്പല്ലൂർ
5. ആൽഫി റോയി താഴത്തേപുരയ്ക്കൽ - മാലിപ്പാറ
6. അലീന ജോബി ഒറ്റപ്പുന്നയ്ക്കൽ - മാലിപ്പാറ
7. നെവിൻ ജിസൺ - തൊടുപുഴ
8. റോസ് മരിയ ജോസ് വെട്ടുകല്ലുംപുറത്ത് - ആരക്കുഴ
9. റാണി മരിയ ജോസ് വെട്ടുകല്ലുംപുറത്ത് - ആരക്കുഴ
10. അലീന സണ്ണി ചിരകണ്ടത്തിൽ - കരിമണ്ണൂർ
11. റീമാ റോസ് രാജേഷ് - കദളിക്കാട്

12. അലീനാ ബെന്നി - പന്നിമറ്റം
13. ജൂലിയ മാത്യു - ആലക്കോട്
14. ഹൃദ്യ ജയ്മോൻ - ആലക്കോട്
15. ഫെമി ഷാജി - ആലക്കോട്
16. ലിജീന ജസ്റ്റിൻ മേക്കുന്നേൽ - പാറപ്പുഴ
17. സ്നേഹ ഫ്രാൻസി തയ്യിൽ - നെടിയശാല
18. മരിയ ജോസഫ് പറയിടത്തിൽ - കാരക്കുന്നം
19. സോന ഷാജി ചെട്ടിപറമ്പിൽ - നെയ്യശ്ശേരി
20. റ്റെസ്സിൻ തോമസ് - പന്നിമറ്റം

*Director*

# കെ.സി.എസ്.എൽ.

*KCSL 7/2018* **രൂപതാ ക്യാമ്പ്**

കെ.സി.എസ്.എൽ രൂപതാ നേതൃത്വപരിശീലന ക്യാമ്പ് 2018 ഏപ്രിൽ മാസം 20-23 തീയതികളിലായി മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് നടക്കുകയാണ്. നേതൃത്വത്തിലേക്കുയരാനുള്ള ആഗ്രഹവും അർപ്പണബോധവുമുള്ള കുട്ടികളെയാണ് മധ്യവേനലവധിക്കാലത്ത് നടത്തപ്പെടുന്ന ക്യാമ്പിലേയ്ക്ക് പ്രതീക്ഷിക്കുന്നത്. യു.പി., എച്ച്.എസ്., എച്ച്.എസ്.എസ്. വിഭാഗങ്ങളിൽനിന്നായി കുറഞ്ഞത് അഞ്ച് കുട്ടികളെ വീതം പറഞ്ഞയയ്ക്കുവാൻ ആനിമേറ്റേഴ്സ് ശ്രദ്ധിക്കുമല്ലോ. പങ്കെടുക്കുന്നവരുടെ എണ്ണം മാർച്ച് 23-ന് മുമ്പ് രൂപതാ ഓഫീസിൽ അറിയിക്കേണ്ടതാണ്. ക്യാമ്പ് ഫീസ് 500 രൂപ ആയിരിക്കും.

*Director*

# ഫാമിലി അപ്പോസ്റ്റലേറ്റ്

*FA 20 /2018* **രൂപതാ കൗൺസിൽ**

ഫാമിലി അപ്പോസ്റ്റലേറ്റ് രൂപതാ കൗൺസിൽ ഏപ്രിൽ 18 ബുധൻ രാവിലെ 10 മുതൽ ഉച്ചകഴിഞ്ഞ് 2.30 വരെ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു.

*FA 21 /2018* **ജൂബിലി ദമ്പതീ ധ്യാനം**ജൂബിലി ദമ്പതീ ധ്യാനം ഏപ്രിൽ 27 വെള്ളിയാഴ്ച വൈകിട്ട് 4 മുതൽ 29-ാം തീയതി വകിട്ട് 5 വരെ മുതലക്കോടം സാപിയൻസിയ ഫാമിലി ഗൈഡൻസ് സെന്ററിൽ നടത്തുന്നു.





*FA 22 /2018* **രാത്രി ആരാധന**

ഫാമിലി അപ്പോസ്റ്റലേറ്റിന്റെ ആഭിമുഖ്യത്തിലുള്ള രാത്രി ആരാധന ഏപ്രിൽ 13 വെള്ളിയാഴ്ച വൈകിട്ട് 6 മുതൽ രാത്രി 1 മണിവരെ മുതലക്കോടം സാപിയൻസിയ ഫാമിലി ഗൈഡൻസ് സെന്ററിൽവച്ച് നടത്തപ്പെടുന്നു.

*FA 23 /2018* **ദമ്പതീ ധ്യാനം**

ദമ്പതീ ധ്യാനം ഏപ്രിൽ 20 വെള്ളി വൈകിട്ട് 4 മുതൽ 22-ാം തീയതി വൈകിട്ട് 5 വരെ മുതലക്കോടം സാപിയൻസിയ ഫാമിലി ഗൈഡൻസ് സെന്ററിൽ നടത്തുന്നു.

*FA 24 /2018* **പോസ്റ്റ് മാര്യേജ് കൂട്ടായ്മ**

2017 ഏപ്രിൽ മാസത്തിൽ NESTT- ൽ Pre-marriage കോഴ്സിൽ പങ്കെടുത്തവരുടെ കുടുംബസമ്മേളനം ഏപ്രിൽ 15 ഞായർ രാവിലെ 10 മുതൽ 2 വരെ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തും. കൂട്ടായ്മയോടനുബന്ധിച്ച് വി. കുർബാന, ദിവ്യകാരുണ്യ ആരാധന, അനുഭവങ്ങൾ പങ്കുവയ്ക്കൽ, സ്നേഹവിരുന്ന് എന്നിവയും നടത്തപ്പെടും.

*FA 25/2018* **Marriage Preparation Courses in Kerala, 2018 April**

| DIOCESE / ARCHDIOCESE | - PHONE NUMBER | 1st Week | 2nd Week | 3rd Week | 4th Week |
|---|---|---|---|---|---|
| Alappuzha | 8113934970 | | 13-15 | | |
| Changanacherry | 0481-2424476 | 2-4 | 9-11 | 16-18 | 23-25 |
| Ernakulam (Kaloor) | 0484-2533077 | 2-4 | 8-10 | 16-18 | 23-2530-2 |
| Ernakulam (Kalady) | 0484-2462607 | 3-5 | | 17-19 | 24-26 |
| Idukki | 04864222632, 9447777935 | | 9-11 | | 27-29 |
| Irinjalakuda | 0480-2880439,9447992216 | 3-5 | 9-11 | | 23-25 |
| Kanjirappally | 0482-8205628, 9497096431 | 2-4 | | 19-21 | 26-28 |
| Kannur | 8281094466 | 1-4 | | | |
| Kochi (Latin) | 0484-2328077, 8547723791 | | 12-15 | | 26-28 |
| Kollam (Latin) | 0474-2749349, 9645671314 | 4-6 | | | 25-27 |
| Kothamangalam | 0485-2989222,9495011191 | 4-6 | | 18-20 | |
| Kottappuram (Latin) | 0480-2807733, 9446605551 | 4-6 | | | |
| Kottayam | 04812790947, 9495080049 | | 12-14 | | |
| Kozhikode | 9349437053 | | | 11-14 | |
| Mananthavady | 0493-5241335, 9567764944 | | 8-11 | 20-23 | |
| Mavelikkara (Malankara) | 9447280528 | | 13-15 | | |
| Neyyattinkara (Latin) | 9447005093 | | 11-13 | | |

| | | | | | |
|---|---|---|---|---|---|
| Palai | 0482-2210049 | | 9-11 | | 23-25 |
| Palakkad | 8281340073 | 2-5 | | | |
| Pathanamthitta | 9496806089 | | 13-15 | | |
| Sulthanpett | 9495911256 | | 15-16 | | |
| Thalassery | 0490-2343414, 9446679001 | | 10-12 | 17-19 | 24-26 |
| Thamarassery | 0495-2730860, 9495693810 | | 10-13 | | |
| Thiruvalla | 9895556074 | | 10-12 | | 24-26 |
| Thiruvananthapuram(Latin) | 9895092479 | 6-8 | | | 23-25 |
| Thiruvananthapuram(Malankara) | 8304841964 | | 13-15 | | |
| Thrissur | 0487-2336066, 9605043327 | 4-6 | 11-13 | 18-20 | 25-27 |
| Varappuzha | 0484-2393739 | 6-8 | | 20-22 | |
| Vijayapuram | 9447182300 | | 12-14 | | |

*Director*

## മാതൃവേദി

*MV 9/2018* **ഗ്ലോറിയ 2018**

2018 മാർച്ച് 5-ന് മാതൃവേദിയുടെയും വനിതാ കമ്മീഷന്റെയും ആഭിമുഖ്യത്തിൽ പ്രവർത്തനവർഷ ഉദ്ഘാടനവും വനിതാ ദിനാഘോഷവും അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് നിർവ്വഹിച്ചു. ഈ അവസരത്തിൽ നമ്മുടെ രൂപതയിലെ ഓരോ ഫൊറോനയിലെയും ഏറ്റവും കൂടുതൽ മക്കളുള്ള, ഏറ്റവും പ്രായം കുറഞ്ഞ അമ്മമാരുടെ കുടുംബത്തെ ആദരിച്ചു. വിവിധ യൂണിറ്റുകളിൽ നിന്നായി അഞ്ഞൂറോളം പ്രതിനിധികൾ പങ്കെടുത്തു.

*MV 10/2018* **ഉണർവ്വ്**

മാർച്ച് 6-ന് Mind Power എന്ന വിഷയത്തെക്കുറിച്ച് Sri. Prayag G. -ഉം Rev. Fr. Sebastian Valiyathazhathu-ഉം ക്ലാസ്സുകൾ എടുത്തു. 69 അമ്മമാർ ഈ ക്ലാസ്സിൽ പങ്കെടുത്തു. അടുത്ത ഉണർവ്വ് ക്ലാസ് മാർച്ച് 20-ന് നടത്താൻ തീരുമാനിച്ചിരുന്നു.

*MV 11/2018* **ബൈബിൾ കയ്യെഴുത്ത് മത്സരം**

രൂപതാ മാതൃവേദിയുടെ ആഭിമുഖ്യത്തിൽ അമ്മമാർക്കുവേണ്ടി വചനമെഴുത്ത് മത്സരം സംഘടിപ്പിക്കുന്നു. പുതിയ നിയമത്തിലെ നാലു സുവിശേഷങ്ങളാണ് പകർത്തിയെഴുതേണ്ടത്. ജൂൺ 30-ാം തീയതിക്കു മുമ്പായി രൂപതാ മാതൃവേദി കേന്ദ്രത്തിൽ സമർപ്പിക്കണം.





*MV 12/2018* **വിവാഹസഹായനിധി**

പാവപ്പെട്ട പെൺകുട്ടികൾക്കു വേണ്ടി എല്ലാ വർഷവും നോമ്പുകാലത്ത് അമ്മമാരുടെ പരിത്യാഗപ്രവൃത്തികളിലൂടെയും മിതവ്യയം വഴിയും സമാഹരിക്കാറുള്ള വിവാഹസഹായനിധി ഈ വർഷം മെയ് 15-ന് മുമ്പായി രൂപതാ കേന്ദ്രത്തിൽ എത്തിക്കാൻ ശ്രദ്ധിക്കുമല്ലോ.

*MV 13/2018* **KCBC Women's Commission Zonal Meeting**

ഫെബ്രുവരി 22-ന് ഇടക്കൊച്ചി ആൽഫ പാസ്റ്ററൽ സെന്ററിൽ വച്ച് ശ്രീമതി. ഡെൽസി ലൂക്കാച്ചന്റെ അധ്യക്ഷതയിൽ നടത്തപ്പെട്ട KCBC Women's Commission Zonal Meeting-ൽ കോതമംഗലം രൂപത സെക്രട്ടറി ശ്രീമതി. ബിന്ദു ജോർജും മാതൃവേദി രൂപത പ്രസിഡന്റ് ശ്രീമതി. മോളി ജോർജും, വൈസ് പ്രസിഡന്റ് ശ്രീമതി. ബെറ്റി കോരച്ചനും, ജോയിന്റ് സെക്രട്ടറി ശ്രീമതി. റിൻസി ജോസും പങ്കെടുത്തു.

*Director*

## ദീപിക ഫ്രണ്ട്സ് ക്ലബ്ബ്

*DFC 21/2018* **ഡി.എഫ്.സി.യുടെയും മറ്റു സംഘടനകളുടേയും യോഗം**

അഭിവന്ദ്യ പിതാവിന്റെ സാന്നിദ്ധ്യത്തിൽ 2018 ഫെബ്രുവരി 28 ബുധനാഴ്ച വൈകിട്ട് 4.30 -ന് ബിഷപ്പ് ഹൗസിൽ വച്ച് ഡി.എഫ്.സിയുടെയും മറ്റു സംഘടനകളുടേയും ഭാരവാഹികൾ, ഡയറക്ടറച്ചന്മാർ, സഹ ഡയറക്ടറച്ചന്മാർ, സന്ന്യാസിനീ സഭകളുടെ പ്രൊവിൻഷ്യാൾമാർ തുടങ്ങിയവരുടെ സംയുക്തയോഗം ചേർന്നു.

*DFC 22/2018* **ഫൊറോന കമ്മിറ്റികൾ**

മാർച്ച് 6-ന് വാഴക്കുളത്തും 12-ന് ആരക്കുഴയിലും, പൈങ്ങോട്ടൂരും 23-ന് മൂവാറ്റുപുഴയിലും ഫൊറോന കമ്മിറ്റികൾ യോഗം ചേർന്നു.

*DFC 23/2018* **ഇടവക സന്ദർശനം**

മാർച്ച് 8-ാം തീയതി 9.00 am മുതൽ വാഴക്കുളം ഫൊറോനയിലെ മുഴുവൻ ഇടവകകളിലും ഡി.എഫ്.സി. രൂപതാ ഫൊറോന കമ്മിറ്റി അംഗങ്ങൾ സന്ദർശനം നടത്തി. വാഴക്കുളം ഫൊറോന കൺവെൻഷനിലേയ്ക്ക് വികാരിയച്ചന്മാരെയും ഡി.എഫ്.സി. അംഗങ്ങളെയും ക്ഷണിച്ചു.

*DFC 24/2018* **വാഴക്കുളം ഫൊറോന കൺവെൻഷൻ**

മാർച്ച് 11 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 1.30 മുതൽ വാഴക്കുളം സെന്റ്

ജോർജ് ഫൊറോന പള്ളി പാരീഷ് ഹാളിൽ വച്ച് ഡി.എഫ്.സി. ഫൊറോന കൺവെൻഷൻ നടത്തി. വികാരി ജനറാൾ മോൺ. ജോർജ് ഓലിയപ്പുറം ഉദ്ഘാടനം ചെയ്തു. ഡി.എഫ്.സി. സംസ്ഥാന ഡയറക്ടർ ഫാ. റോയി കണ്ണൻചിറ ക്ലാസെടുത്തു.

*DFC 25/2018* **രൂപതാ കമ്മിറ്റി**

മാർച്ച് 20 ചൊവ്വാഴ്ച 3.00 pm-ന് മൂവാറ്റുപുഴ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് രൂപതാ കമ്മിറ്റി യോഗം ചേർന്ന് മെയ് 26-ന് നടക്കാനിരിക്കുന്ന സംസ്ഥാന റാലിയെക്കുറിച്ച് ചർച്ച ചെയ്തു.

*Co-ordinator*

## യുവദീപ്തി

*YD 6/2018* **യുവജനവർഷ ഉദ്ഘാടനവും കർമ്മപദ്ധതി പ്രകാശനവും**

കോതമംഗലം സെന്റ് ജോർജ്ജ് കത്തീഡ്രൽ പള്ളിയിൽ വച്ച് മാർച്ച് 10 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 1.30-ന് യുവജനവർഷ ഉദ്ഘാടനവും കർമ്മപദ്ധതി പ്രകാശനവും നടത്തപ്പെട്ടു. അഭിവന്ദ്യ പിതാവ് മാർ ജോർജ് മഠത്തിക്കണ്ടത്തിൽ ഉദ്ഘാടനം നിർവഹിച്ച സമ്മേളനത്തിൽ ഫാ. ജോസഫ് എഴുമായിൽ, ഫാ. പോൾ കാരക്കൊമ്പിൽ, ഫാ. സെബാസ്റ്റ്യൻ കണിമറ്റത്തിൽ, കെ.സി.വൈ.എം. സംസ്ഥാന പ്രസിഡന്റ് ശ്രീ. ഇമ്മാനുവേൽ മൈക്കിൾ, രൂപതാ പ്രസിഡന്റ് ശ്രീ. സിറിൾ അത്തിക്കൽ, ആനിമേറ്റർ സി. അലീന എഫ്.സി.സി. എന്നിവർ സന്നിഹിതരായിരുന്നു.

*YD 7/2018* **ആനിമേറ്റേഴ്സ് മീറ്റ്**

ഫൊറോന, യൂണിറ്റ് ആനിമേറ്റർ സിസ്റ്റർമാരുടെ സംഗമം 'ആനിമേറ്റേഴ്സ് മീറ്റ്' ഏപ്രിൽ 7 ശനിയാഴ്ച മൂവാറ്റുപുഴ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. എല്ലാ യൂണിറ്റ്, ഫൊറോന ആനിമേറ്റർ സിസ്റ്റേഴ്സും സംഗമത്തിൽ പങ്കെടുക്കാൻ ശ്രദ്ധിക്കുമല്ലോ.

*YD 8/2018* **യുവജനധ്യാനം**

ഏപ്രിൽ 14, 15, 16, 17 തീയതികളിൽ യുവജനങ്ങൾക്കുവേണ്ടിയുള്ള യുവജന ധ്യാനം 'നിറവ് 2018' മൂവാറ്റുപുഴ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു.





| | | |
|---|---|---|
| ബുക്കിംഗിന്:- | സി. അലീന എഫ്.സി.സി. | - 9447691160 |
| | ജോസ്ന ജോസഫ് | - 8547588602 |
| | ജിബിൻ ജോർജ്ജ് | - 8606664997 |
| | സിറിൾ ജോസഫ് | - 9037907058 |

*Director*

## ജീസസ് യൂത്ത്

*JY 11/2018* **കുട്ടികൾക്കായുള്ള ധ്യാനം**

ജീസസ് യൂത്ത് കോതമംഗലം സോണിന്റെ നേതൃത്വത്തിൽ പൈങ്ങോട്ടൂർ സബ് സോണിൽ 8 മുതൽ +2 വരെയുള്ള കുട്ടികൾക്കായി ഏപ്രിൽ 22 വൈകിട്ട് 4 മുതൽ ഏപ്രിൽ 25 വൈകിട്ട് 5 വരെ കാളിയാർ ജയ് റാണി പബ്ലിക് സ്കൂളിൽ വച്ച് ധ്യാനം നടത്തുന്നു. വിശദ വിവരങ്ങൾക്ക് : മനു ജോസ്: 9745202333

*JY 12/2018* **ജീസസ് യൂത്ത് കേരള കോൺഫറൻസ് ലോഞ്ച്**

കേരള ജീസസ് യൂത്തിന്റെ നേതൃത്വത്തിൽ 2018 ആഗസ്റ്റ് മാസം മൂവാറ്റുപുഴ നിർമ്മല കോളേജിൽ വച്ച് നടക്കുന്ന കേരള കോൺഫറൻസിന്റെ ലോഞ്ച് കോതമംഗലം രൂപത കരിസ്മാറ്റിക് ആനിമേറ്റർ റവ. ഫാ. ജോർജ് കുരിശുംമൂട്ടിൽ നിർവഹിച്ചു.

*JY 13/2018* **Night Vigil**

കോതമംഗലം സോൺ ജീസസ് യൂത്തിന്റെ നേതൃത്വത്തിൽ എല്ലാ രണ്ടാം വെള്ളിയാഴ്ചയും നടത്തിവരുന്ന നൈറ്റ് വിജിൽ മാർച്ച് മാസം 9-ാം തീയതി മൂവാറ്റുപുഴ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തി. അടുത്ത നൈറ്റ് വിജിൽ ഏപ്രിൽ 13-ന് നടത്തുന്നു.

*Animator*

## ഡി.സി.എം.എസ്.

*DCMS 2 /2018* **രൂപതാവാർഷികവും തെരഞ്ഞെടുപ്പും**

2018 മാർച്ച് 11-ന് മൂവാറ്റുപുഴ നെസ്റ്റിൽ വച്ചു നടന്ന ഡി.സി.എം.എസ്. രൂപതാവാർഷികം ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ കണിമറ്റം ഉദ്ഘാടനം ചെയ്തു. സംസ്ഥാന സെക്രട്ടറി ശ്രീ. ജോണി പരമ

ലയുടെ നേതൃത്വത്തിൽ 2018 – 2021 കാലയളവിലെ രൂപതാ ഭാരവാഹികളെ തെരഞ്ഞെടുത്തു.

**രൂപതാ സമിതിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടവർ:**

| | |
|---|---|
| പ്രസിഡന്റ് | – ശ്രീ. ജോളി ജോസഫ് പാലംകുന്നേൽ, കല്ലൂർക്കാട് |
| വൈസ് പ്രസിഡന്റ് | – ശ്രീമതി. മരിയ ഫ്രാൻസിസ് വലിയകരയിൽ, കല്ലൂർക്കാട് |
| സെക്രട്ടറി | – ശ്രീ. സണ്ണി തോമസ് മേനാച്ചേരിൽ, നാകപ്പുഴ |
| ജോ. സെക്രട്ടറി | – ശ്രീ. ബിജു ജോസഫ് ആലവെച്ചപാറയിൽ,നാകപ്പുഴ |
| ട്രഷറർ | – ശ്രീമതി. മേഴ്സി ജോമി വാന്തുപറമ്പിൽ, നാകപ്പുഴ |
| ഓർഗനൈസർ | – ശ്രീ. നെൽസൺ വർഗീസ് ഇല്ലിക്കുന്നേൽ, കല്ലൂർക്കാട് |

*DCMS 3 /2018* **ജീവിത ദർശന ക്യാമ്പ്**

ഏപ്രിൽ 11-ാം തീയതി 9 മണിമുതൽ 14-ാം തീയതി 9 മണി വരെ മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് നടക്കുന്ന ക്യാമ്പിലേക്ക് 4-ാം ക്ലാസ്സ് മുതൽ +2 വരെയുള്ള ഡി.സി.എം.എസ്. കുട്ടികളെ പറഞ്ഞുവിടുന്ന കാര്യം ബഹു. വികാരിയച്ചൻമാർ ശ്രദ്ധിക്കുമല്ലോ.

*Director*

## ഓൾ കേരള കാത്തലിക് കോൺഗ്രസ്

*AKCC 14 /2018* **നവവൈദികർക്ക് സ്വീകരണം**

കോതമംഗലം രൂപതയിൽ പുതിയതായി അഭിഷിക്തരായ 6 വൈദികർക്ക് കത്തോലിക്ക കോൺഗ്രസ് കോതമംഗലം രൂപത സമതിയുടെ ആഭിമുഖ്യത്തിൽ 11-03-2018-ൽ തൊടുപുഴ സെന്റ് സെബാസ്റ്റ്യൻസ് ഫൊറോന പള്ളിയങ്കണത്തിൽ വച്ച് സ്വീകരണം നല്കി.

അന്ന് വൈകിട്ട് 4.00 pm-ന് നവവൈദികരുടെ കാർമ്മികത്വത്തിൽ തൊടുപുഴ പള്ളിയിൽ സമൂഹബലിയർപ്പിച്ചു. തുടർന്നു ചേർന്ന സ്വീകരണസമ്മേളനത്തിൽ രൂപതാ പ്രസിഡന്റ് ശ്രീ. ഐപ്പച്ചൻ തടിക്കാട്ട് അദ്ധ്യക്ഷത വഹിച്ചു. ഫൊറോന ഡയറക്ടർ റവ. ഡോ. ജിയോ തടിക്കാട്ട് സ്വാഗതം ആശംസിച്ചു. രൂപതാ ഡയറക്ടർ മോൺ. ജോർജ്ജ് ഓലിയപ്പുറം അനുഗ്രഹപ്രഭാഷണം നടത്തി. കത്തോലിക്ക കോൺഗ്രസ് കേന്ദ്രപ്രസിഡന്റ് അഡ്വ. ബിജു പറയന്നിലം, രൂപതാ ജനറൽ സെക്രട്ടറി ജോസ് പുതിയിടം, ട്രഷറർ ജോൺ മുണ്ടൻകാവിൽ എന്നിവർ ആശംസകൾ നേർന്നു.





*AKCC 15 /2018* **മലയാറ്റൂർ തീർത്ഥാടനം**

കത്തോലിക്ക സഭ ഇന്നു നേരിടുന്ന പ്രതിസന്ധിയിൽനിന്ന് മോചനം ലഭിക്കാൻ ദൈവകൃപയ്ക്കായ് കത്തോലിക്ക കോൺഗ്രസ് കേന്ദ്രസമിതിയുടെ ആഭിമുഖ്യത്തിൽ 17-03-2018 -ൽ പ്രാർത്ഥനാനിർഭരമായി മലയാറ്റൂർ മലകയറി പ്രാർത്ഥിച്ചു. കോതമംഗലം രൂപതയിൽ നിന്ന് നിരവധി പേർ പ്രസ്തുത പ്രാർത്ഥനായജ്ഞത്തിൽ പങ്കെടുത്തു.

*Director*

## ഇൻഫാം

*INF 4 /2018* **കർഷകവിളംബര കൂട്ടായ്മ**

ആയിരം രൂപ പ്രതിമാസ പെൻഷൻ വാങ്ങുന്ന കർഷകരോട് ആനുകൂല്യങ്ങൾ കൃത്യമായി നൽകാൻ പണമില്ലെന്ന് പറയുന്ന മന്ത്രിക്ക് പ്രതിമാസം തൊണ്ണൂറായിരം രൂപ നൽകുന്ന നിർബന്ധിത സാഹചര്യമാണ് നമ്മുടെ സംസ്ഥാനത്തുള്ളതെന്ന് ഇൻഫാം ദേശീയ സെക്രട്ടറി ജനറൽ ഷെവ. വി.സി. സെബാസ്റ്റ്യൻ. ഏപ്രിൽ മാസം 27-ന് കാഞ്ഞിരപ്പള്ളിയിൽ നടക്കുന്ന ദേശീയ കർഷകനേതൃസമ്മേളനത്തോടനുബന്ധിച്ചുള്ള ഇൻഫാം കർഷക വിളംബര കൂട്ടായ്മയുടെ സംസ്ഥാന തല ഉദ്ഘാടനം തൊടുപുഴയിൽ നിർവഹിക്കുകയായിരുന്നു അദ്ദേഹം. കർഷക കുടുംബത്തിന് ചെലവിനായി ഒരു മാസം നൽകുന്ന ആയിരം രൂപ പോലും കഴിഞ്ഞ ആറുമാസത്തിലേറെയായി മുടങ്ങിയിരിക്കുമ്പോഴാണ് മന്ത്രി കുടുംബത്തിന് ലക്ഷങ്ങൾ പ്രതിമാസം ചെലവിടുന്ന സർക്കാർ ധൂർത്തെന്നും അദ്ദേഹം ആരോപിച്ചു. റബർ ബോർഡുതന്നെ പ്രഖ്യാപിച്ച ഉല്പാദന ചെലവായ 172 രൂപ പോലും റബറിന് അടിസ്ഥാന വിലയായി പ്രഖ്യാപിക്കാൻ കഴിയാത്ത 'കർഷക രക്ഷക'രാണ് നമ്മെ ഭരിക്കുന്നത്. റബർ മേഖലയ്ക്കായി ഒരു കാർഷികനയം പോലും രൂപപ്പെടുത്താൻ ഭരണനേതൃത്വങ്ങൾ തയ്യാറാകുന്നില്ലെന്നും അദ്ദേഹം കുറ്റപ്പെടുത്തി.

ഇൻഫാം സംസ്ഥാന കൺവീനർ ജോസ് എടപ്പാട്ട് യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന ഡയറക്ടർ റവ. ഫാ. ജോസ് മോനിപ്പിള്ളിൽ മുഖ്യപ്രഭാഷണം നടത്തി. ദേശീയ ട്രസ്റ്റി ഡോ. എം.സി. ജോർജ്ജ്, ഇടുക്കി ജില്ലാ പ്രസിഡന്റ് പി. എസ്. മൈക്കിൾ, എറണാകുളം ജില്ലാ പ്രസിഡന്റ് ജോയി പള്ളിവാതുക്കൽ, യൂണിറ്റ് രക്ഷാധി

കാരി റവ. ഫാ. ജിയോ തടിക്കാട്ട്, മേഖലാ പ്രസിഡന്റുമാരായ എം.ടി. ഫ്രാൻസീസ്, റോയി വള്ളമറ്റം എന്നിവർ പ്രസംഗിച്ചു.

*INF 5 /2018* **സി.എം.ഐ. സഭയുടെ മൂവാറ്റുപുഴ കാർമ്മൽ പ്രൊവിൻസിന് ദേശീയ ഹരിതപുരസ്കാരം**

സി.എം.ഐ. സഭയുടെ മൂവാറ്റുപുഴ കാർമ്മൽ പ്രൊവിൻസിന് ദേശീയ ഹരിതപുരസ്കാരം ലഭിച്ചു. ഗോ ഗ്രീൻ പ്രൊവിൻസ് എന്ന പദവിയും ഇതോടൊപ്പം ലഭിക്കും. ഡൽഹി ആസ്ഥാനമായുള്ള ഗ്ലോബൽ ലീഡേഴ്സ് ഫൗണ്ടേഷൻ ആണ് അവാർഡ് നൽകിയത്. പരിസ്ഥിതി സംരക്ഷണം, ജൈവകൃഷി പ്രോത്സാഹനം, കാർഷിക വത്ക്കരണം, മലിനീകരണനിയന്ത്രണം എന്നീ വിഷയങ്ങളിൽ ബോധ വത്ക്കരണം, മാതൃകാ നേതൃത്വം എന്നിവ നൽകിയതു വഴിയാണ് കാർമ്മൽ പ്രൊവിൻസിന് നേട്ടം കൈവരിക്കാനായത്.

Director

## അല്മായഫ്രാൻസിസ്കൻ സഭ

*SFO 7/2018* **ഓർഫനേജ് സന്ദർശനം നടത്തി**

കോതമംഗലം രൂപത SFO യുടെ ആഭിമുഖ്യത്തിൽ പുല്ലുവഴി ക്രിസ്തുജ്യോതി സ്നേഹാലയം ഓർഫനേജ് സന്ദർശിച്ച് ആ സ്ഥാപ നത്തിലേക്ക് 15,000/- രൂപ സംഭാവന നൽകി.

*SFO 8/2018* **നിർദ്ധനരോഗികളുടെ വീടുകളിൽ സ്നേഹവിരുന്ന്**

കല്ലാനിക്കൽ യൂണിറ്റ് ഈസ്റ്റർ, ക്രിസ്തുമസ് ദിനങ്ങളിൽ എല്ലാ വർഷവും ഓരോ വീടുകളിൽ (തെരഞ്ഞെടുക്കപ്പെട്ട പാവപ്പെട്ട രോഗി കളായിട്ടുള്ളവരുടെ വീടുകൾ) സ്നേഹവിരുന്ന് വയ്ക്കുന്നു. ഇതിനുള്ള ചിലവ് SFO അംഗങ്ങളിൽ നിന്നുള്ള പണപ്പിരിവ് വഴി കണ്ടെത്തുന്നു. ലോക്കൽ ഡയറക്ടറായ പള്ളി വികാരിയച്ചൻ ആ വീട്ടിലേക്ക് ഒരു സമ്മാനം നൽകുന്നു. അടുത്ത ഈസ്റ്ററിൽ ഈ സൽക്കർമ്മം ചെയ്യു വാൻ യൂണിറ്റ് തയ്യാറായിക്കഴിഞ്ഞു.

*SFO 9/2018* **നിർദ്ധനവീടുകളിൽ ഭക്ഷണസാധനങ്ങൾ എത്തിച്ചുകൊടുക്കുന്നു**

നെല്ലിമറ്റം യൂണിറ്റ് ഈസ്റ്റർ പ്രോഗ്രാമായി ജാതിമതഭേദമെന്യേ രോഗികളായ നിർദ്ധനരുടെ വീടുകൾ സന്ദർശിച്ച് 5-10 വീട്ടുകാർക്ക്





ആവശ്യമുള്ള ഭക്ഷണസാധനങ്ങൾ എത്തിച്ചുകൊടുക്കുന്ന ദൗത്യത്തിന് ഒരുങ്ങിക്കഴിഞ്ഞു.

*SFO 10/2018* **തെരഞ്ഞെടുപ്പ് നടത്തി**

പെരുമ്പല്ലൂർ യൂണിറ്റിൽ 11-03-2018-ൽ പുതിയ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് നടന്നു.

| | |
|---|---|
| മിനിസ്റ്റർ | - സി. ഗ്രേസി സ്കറിയ വാത്തേലിൽ |
| വൈസ് മിനിസ്റ്റർ | - ബ്ര. ബിജു ജോസ് കൽപ്പറമ്പത്ത് |
| സെക്രട്ടറി | - സി. ജോയ്സി റെജി വടക്കേക്കര |
| ട്രഷറർ | - സി. ഷൈനി വർഗീസ് കരമാരിയിൽ |
| ഫോർമേറ്റർ | - സി. ആൻമേരി റെജി വടക്കേക്കര |

*SFO 11/2018* **കോടിക്കുളം യൂണിറ്റിൽ പുതിയ ഭാരവാഹികൾ**

| | |
|---|---|
| മിനിസ്റ്റർ | - സി. ആലീസ് അഗസ്റ്റിൻ, കള്ളിക്കാട്ട് |
| വൈസ് മിനിസ്റ്റർ | - സി. ത്രേസ്യാമ്മ തോമസ്, കള്ളിക്കാട്ട് |
| സെക്രട്ടറി | - സി. ആൻസി മൈക്കിൾ, സൂര്യൻപറമ്പിൽ |
| ജോ. സെക്രട്ടറി | - സി. ഷെറിൻ ജെയിംസ്, പടിഞ്ഞാറെക്കര |
| ട്രഷറർ | - ബ്രദർ ജയിംസ് കാപ്പൻ, കാപ്പിൽ |

Director

## പ്രാർത്ഥനാഗ്രൂപ്പ്

*PG 12/2018* **സോണൽ സർവീസ് ടീം ദമ്പതീ കൂട്ടായ്മ**

മാർച്ച് 4 ഞായറാഴ്ച വൈകിട്ട് 5.30 മുതൽ 8.30 വരെ കാരക്കുന്നം മോചന സ്പിരിച്ചാലിറ്റി സെന്ററിൽ വച്ച് രൂപതാ പ്രാർത്ഥനാ ഗ്രൂപ്പ് ഡയറക്ടർ റവ. ഫാ. ജോർജ്ജ് കുരുശുംമൂട്ടിലിന്റെ സാന്നിദ്ധ്യത്തിൽ സോണൽ സർവീസ് ടീം ദമ്പതീകൂട്ടായ്മ നടത്തി.

ജപമാല, സ്തുതി, ആരാധന എന്നിവയ്ക്കുശേഷം ഓരോരുത്ത രുടെയും ജീവിതാനുഭവങ്ങളെക്കുറിച്ചും, ശുശ്രൂഷകളെക്കുറിച്ചും, ശുശ്രൂ ഷകൾ എങ്ങനെ ജീവിതത്തിൽ അനുഗ്രഹങ്ങളായിത്തീരുന്നു എന്നതിനെക്കുറിച്ചും വിശദീകരിച്ചു. സ്നേഹവിരുന്നോടെ ദമ്പതീകൂ ട്ടായ്മ അവസാനിച്ചു.

*PG 13/2018* **ദിവ്യകാരുണ്യാരാധനയും ഉപവാസ പ്രാർത്ഥനയും**

K.C.C.RST യുടെ ആഹ്വാനപ്രകാരം മാർച്ച് 16-ാം തീയതി വെള്ളി യാഴ്ച രാവിലെ 10 മുതൽ വൈകിട്ട് 3.00 വരെ സീറോ മലബാർ

സഭയ്ക്കുവേണ്ടി ദിവ്യകാരുണ്യാരാധനയും ഉപവാസ പ്രാർത്ഥനയും നടത്തി.

കാരക്കുന്നം ഇടവക അസി. വികാരി റവ. ഫാ. ലിജിൻ പുളിക്കിയിൽ ദിവ്യകാരുണ്യാരാധന നയിച്ചു. സോണൽ സർവീസ് ടീം അംഗങ്ങളും, പ്രാർത്ഥനാഗ്രൂപ്പ് അംഗങ്ങളും ആരാധനയിൽ പങ്കെടുത്തു.

*PG 14/2018* **നീർച്ചാൽ 2018**

കളമശേരി എമ്മാവൂസിൽ വച്ച് കേരളത്തിലെ വിവിധ സോണുകളിലെ നവീകരണ ശുശ്രൂഷകൾ കൂടുതൽ സജീവമാക്കുവാൻ "നീർച്ചാൽ 2018" എന്ന പേരിൽ ഏകദിന സെമിനാർ നടത്തി.

കോതമംഗലം സോണിലെ സർവീസ് ടീം അംഗങ്ങൾ, സബ് സോൺ കോ. ഓഡിനേറ്റേഴ്സ്, മിനിസ്ട്രി കോ. ഓഡിനേറ്റേഴ്സ് എന്നിവർ പങ്കെടുത്തു.

K.C.C.RST നേതൃത്വം നൽകിയ സെമിനാർ മാർച്ച് 22-ാം തീയതി വ്യാഴാഴ്ച രാവിലെ 9.00 മണിക്കാരംഭിച്ച് വൈകിട്ട് 4 മണിക്ക് അവസാനിച്ചു.

*Director*

## സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി

*SV 14 /2018* **ഭവന നിർമ്മാണം**

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി കോതമംഗലം സെൻട്രൽ കൗൺസിലിന്റെ വജ്രജൂബിലിയുടെ ഭാഗമായി ഉടുമ്പന്നൂർ സെന്റ് സെബാസ്റ്റ്യൻസ് കോൺഫറൻസ് നിർമ്മിച്ച ഭവനത്തിന്റെ വെഞ്ചരിപ്പ് ബഹുമാനപ്പെട്ട വികാരിയച്ചൻ റവ. ഫാ. സെബാസ്റ്റ്യൻ ആരോലിച്ചാലിൽ നിർവഹിച്ചു. റവ. ഫാ. ജോസഫ് കൊച്ചുപറമ്പിൽ, റവ. ഫാ. ജിതിൻ കൂടക്കാട്ട്, കോൺഫറൻസ് പ്രസിഡന്റ് ജെയിംസ് തോട്ടത്തിൽ, കോൺഫറൻസ് അംഗങ്ങൾ തുടങ്ങിയവർ സന്നിഹിതരായിരുന്നു. 5 ലക്ഷം രൂപ മുടക്കിയാണ് ഭവന നിർമ്മാണം പൂർത്തിയാക്കിയത്.

*SV 15 /2018* **പഠനോപകരണങ്ങൾ**

ചെപ്പുകുളം സെന്റ് തോമസ് കോൺഫറൻസിന്റെ ആഭിമുഖ്യത്തിൽ നടത്തിയ പഠനോപകരണങ്ങളുടെ വിതരണം ബഹുമാനപ്പെട്ട





വികാരിയച്ചൻ റവ. ഫാ. ജോസ് കൂനാനിയ്ക്കൽ നിർവഹിച്ചു. ഒരു ലക്ഷം രൂപ മുടക്കി 32 കുട്ടികൾക്ക് മേശയും കസേരയുമാണ് വിതരണം നടത്തിയത്. ഏരിയ കൗൺസിൽ പ്രസിഡന്റ് ജിബോയിച്ചൻ വടക്കൻ, കോൺഫറൻസ് അംഗങ്ങൾ തുടങ്ങിയവർ സന്നിഹിതരായിരുന്നു.

*Director*

## നെസ്റ്റ് പ്രോഗ്രാം

**Ph. 0485 - 2830033**

| | | |
|---|---|---|
| April 4-6 | - | Pre- Marriage Course |
| " 9-11 | - | CML H.S. Section Retreat |
| " 11-14 | - | DCMS Camp |
| " 13-17 | - | KCYM Retreat |
| " 18-20 | - | Pre- Marriage Course |
| " 20-23 | - | KCSL Camp |
| " 25-27 | - | CML UP Section Retreat |

*Director*

## Festal Greetings

| | | | |
|---|---|---|---|
| Rev. Fr. | Peringarappillil Sotter | **April** | 22 |
| " | Chemparathy George | " | 24 |
| " | Chettoor George | " | 24 |
| " | Kadukummackal George | " | 24 |
| " | Kapiarumala George | " | 24 |
| " | Karakunnel George | " | 24 |
| " | Kariamadam George | " | 24 |
| " | Kochuparambil George | " | 24 |
| " | Kurisummoottil George | " | 24 |
| " | Kurukkoor George | " | 24 |
| " | Maleparambil George | " | 24 |
| " | Mandapathil Varkey | " | 24 |
| " | Marappillil George | " | 24 |
| " | Mulanjanany George | " | 24 |
| " | Mundackal George | " | 24 |
| " | Nedumkallel George | " | 24 |
| " | Nirappath George | " | 24 |

| | | |
|---|---|---|
| Rev. Mgr. Oliapuram George (Jr.) | " | 24 |
| Rev. Fr. Oliapuram George (Sr.) | " | 24 |
| " Paramel Varghese | " | 24 |
| " Pallikunnel Georgy | " | 24 |
| " Parankimyalil George | " | 24 |
| " Peechanikunnel George | " | 24 |
| " Pottackal George | " | 24 |
| " Pullan George | " | 24 |
| " Pulpra George | " | 24 |
| " Thachil George | " | 24 |
| " Thadikkatt George | " | 24 |
| " Thanathuparambil George | " | 24 |
| " Thekkeattath George | " | 24 |
| " Thekkekara George | " | 24 |
| " Vadakel George | " | 24 |
| " Vallomkunnel George | " | 24 |
| " Vandanakara George | " | 24 |

## രൂപതാദ്ധ്യക്ഷന്റെ ഡയറി

**ഫെബ്രുവരി**

18 ● കല്ലൂർ സെന്റ് ജോൺ ദ ബാപ്റ്റിസ്റ്റ് ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

19 ● മാറിക ഇടവകാംഗമായ ചാത്തൻകല്ലേൽ മറിയക്കുട്ടിയുടെ മൃതശരീരത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.

19-20 ● ആലുവ മംഗലപ്പുഴ സെമിനാരി കമ്മീഷൻ സന്ദർശനം നടത്തി.

20 ● നിർമ്മല കോളേജ് മീറ്റിംഗിൽ പങ്കുചേർന്നു.

22-27 ● MST സൊസൈറ്റിയുടെ ജൂബിലിയോടനുബന്ധിച്ച് Sangli mission സന്ദർശിച്ചു.

27 ● ഗുഡ്നെസ് ടെലിവിഷനിൽ നോമ്പുകാല സന്ദേശം നൽകി.

28 ● DFC മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു.

**മാർച്ച്**

1 ● കരിമണ്ണൂർ ഇടവകയിൽ നാല്പതുമണി ആരാധനയുടെ സമാപനത്തിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.





● കാളിയാർ സെന്റ് മേരീസ് സ്കൂളിന്റെ പുതിയ ബ്ലോക്കിന്റെ വെഞ്ചരിപ്പുകർമ്മം നിർവഹിച്ചു.

2 ● കുണിഞ്ഞി ഇടവകാംഗം ബഹു. ജോസഫ് കണ്ടത്തിൻകര അച്ചന്റെ സഹോദരി മോനിക്കയുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

3 ● മൂവാറ്റുപുഴ നെസ്റ്റിൽ നടന്ന എഡ്യൂക്കേഷൻ മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു.

● മൂവാറ്റുപുഴ നെസ്റ്റിൽ തിയോളജി കോഴ്സിന്റെ സർട്ടിഫിക്കറ്റ് വിതരണം ചെയ്തു.

● പരീക്കണ്ണി ജീവ മിൽക്ക് ഓഫീസിൽ വച്ച് 75 കുട്ടികൾക്ക് എഡ്യൂക്കേഷൻ സ്കോളർഷിപ്പ് വിതരണം ചെയ്തു.

4 ● വെട്ടിമറ്റം ഫ്രാൻസിസ് ഡി സാലസ് ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

5 ● മൂവാറ്റുപുഴ നെസ്റ്റിൽ നടന്ന മാതൃവേദി വനിതാദിന പരിപാടിയിൽ അദ്ധ്യക്ഷത വഹിച്ച് സന്ദേശം നൽകി.

6 ● AKCC ലീഡേഴ്സ് മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു.

10 ● പെരുമ്പിള്ളിച്ചിറ ഇടവകയിൽ സുവർണ്ണ ജൂബിലിക്ക് തുടക്കം കുറിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

● വാഴക്കുളം CBSE സ്കൂളിൽ CRI-യുടെ ആഭിമുഖ്യത്തിൽ നടത്തിയ സമർപ്പിത സംഗമത്തിൽ പങ്കെടുത്ത് സന്ദേശം നൽകി.

● യുവജനവർഷത്തിന് തുടക്കംകുറിച്ച് സെന്റ് ജോർജ് കത്തീഡ്രൽ ഓഡിറ്റോറിയത്തിൽ നടന്ന മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു.

11 ● പെരുമണ്ണൂർ സെന്റ് ജോർജ്ജ് ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

12 ● രൂപതാ കൺസൽട്ടേഴ്സ് മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു.

● ഒ.സി.ഡി. സഭാംഗം ബ്ര. ജോസഫ് പെരിയാടന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് മൂവാറ്റുപുഴ ലിസ്യൂ സെന്ററിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

13 ● മൂവാറ്റുപുഴ നെസ്റ്റിൽ നടന്ന വൈദികരുടെ സ്റ്റഡി ഫോറത്തിൽ പങ്കുചേർന്നു.

14 • ക്ലരീഷൻ സഭാംഗമായ ഫാ. ജോസ് കൂനംപറമ്പിലിന്റെ മാതാവ് അന്നമ്മ ഔസേപ്പിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

15 • മൈനർ സെമിനാരിയിൽ വിശുദ്ധ ഔസേപ്പ് പിതാവിന്റെ തിരുനാളിൽ പങ്കുചേർന്നു.

18 • പന്നിമറ്റം സെന്റ് സെബാസ്റ്റ്യൻ ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

# Bishop's Engagements

## April 2018

| | | | | |
|---|---|---|---|---|
| 01 | Sun | Easter | | |
| 02 | Mon | Baptism | Cathedral | 12.15 pm |
| 03 | Tue | Baptism | Anchiri | 11.00 am |
| 04 | wed | Baptism | Vannapuram | 11.00 am |
| 05 | Thu | Episcopal Ordination | Idukki | 02.00 pm |
| 07 | Sat | Parish hall blessing | Vazhakala | 5.00 pm |
| 09 | Mon | Blessing of Chapel | Vandamattam | |
| | | F.C.C. Convent | | 8.00 am |
| 10 | Tue | Interview | Minor Seminary | 10.00 am |
| | | Consecration of the Church | Rajagiri (Vellellu) | 03.00 pm |
| 12 | Thu | Baptism | Kallanickal | 11.00 am |
| 14 | Sat | S.A.B.S. Vestition | Thodupuzha | 10.30 am |
| 17 | Tue | Presbyteral Council | | |
| 18 | Wed | Ordination | | 9.30 am |
| 20 | Fri | Pastoral Council Meeting | | |
| 21 | Sat | P.O.C. | Golden Jubilee | |
| 22 | Sun | Holy Qurbana | Muthalakodam | 7.15 am |
| 23 | Mon | Visitors' day | | |
| 24 | Tue | Festal Gathering | NESTT | |
| 25 | Wed | Ordination | Kodikulam | 09.15 am |
| | | Catechetical Committe | Bishop's House | 10.30 am |
| 26 | Thu | Vestition-CMC | Neriamangalam | 10.30 am |
| 28 | Sat | Consecration of the Church | Perumballoor | 2.30 pm |





# നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം

| | | |
|---|---|---|
| ഫാ. പോൾ മാളിയേക്കൽ | ചരമദിനം | 03-05-1988 |
| ഫാ. ചെറിയാൻ പുളിക്കൽ | ” | 04-05-1973 |
| ഫാ. പോൾ കുഴിക്കാട്ട് | ” | 05-05-1976 |
| ഫാ. ജോസഫ് നമ്പ്യാപറമ്പിൽ (Sr.) | ” | 06-05-1989 |
| ഫാ. മാത്യു കാക്കനാട്ട് (Sr.) | ” | 07-05-2006 |
| ഫാ. ജോസഫ് താഴത്തുവീട്ടിൽ | ” | 08-05-1977 |
| ഫാ. അഗസ്റ്റിൻ വട്ടക്കുഴി | ” | 08-05-1995 |
| ഫാ. വറുഗീസ് ചേറ്റൂർ | ” | 10-05-1959 |
| ഫാ. ജോർജ് മോനിപ്പിള്ളി | ” | 12-05-2005 |
| ഫാ. ജോർജ് കാരക്കുന്നേൽ | ” | 14-05-1986 |
| ഫാ. മാത്യു ഏനാനിക്കൽ | ” | 15-05-1980 |
| ഫാ. ജേക്കബ് തേവർപാടം (Sr.) | ” | 17-05-1985 |
| ഫാ. ജേക്കബ് വട്ടയ്ക്കാട്ട് | ” | 22-05-1999 |
| ഫാ. ജോസഫ് കൊച്ചുപറമ്പിൽ | ” | 25-05-2005 |
| ഫാ. പോൾ കാക്കനാട്ട് (Sr.) | ” | 27-05-1963 |
| ഫാ. ജോസഫ് മുണ്ടയ്ക്കൽ (Sr.) | ” | 29-05-2013 |
| ഫാ. ജോൺ മാതേയ്ക്കൽ | ” | 31-05-1995 |

# നിര്യാതയായി

### റവ. സി. മേരി സ്റ്റീഫൻ കാപ്പിൽ SH

| | | |
|---|---|---|
| ഇടവക | - | കോടിക്കുളം |
| ജനനം | - | 17-03-1929 |
| ആദ്യവ്രതം | - | 04-05-1954 |
| നിത്യവ്രതം | - | 02-05-1957 |
| മരണം | - | 19-03-2018 |
| മൃതസംസ്ക്കാരം | - | 20-03-2018 (മൈലക്കൊമ്പ്) |